# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി V
## (SUBJECT COMMITTEE V)

## മരാമത്തും ഗതാഗതവും വാർത്താവിനിമയവും
## (WORKS, TRANSPORT AND COMMUNICATIONS)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2016 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2016)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2016 സെപ്റ്റംബർ 29-ാം തീയതി സമർപ്പിച്ചത്

(Presented on 29th September, 2016)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2016

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2016

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി V
# (SUBJECT COMMITTEE V)

## മരാമത്തും ഗതാഗതവും വാർത്താവിനിമയവും
## (WORKS, TRANSPORT AND COMMUNICATIONS)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2016 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2016)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct
of Business in the Kerala Legislative Assembly]

947/2016.

## ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 30 |

# സബ്ജക്ട് കമ്മിറ്റി V
## (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)
## (2016-2018)

### ഘടന

<u>ചെയർമാൻ:</u>

ശ്രീ. ജി. സുധാകരൻ,
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ:</u>

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,
തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി
ശ്രീ. എ. കെ. ശശീന്ദ്രൻ,
ഗതാഗത വകുപ്പുമന്ത്രി

<u>അംഗങ്ങൾ:</u>

ശ്രീ. കെ. വി. അബ്ദുൾ ഖാദർ
ശ്രീ. വി. അബ്ദു റഹിമാൻ
ശ്രീ. ജോൺ ഫെർണാണ്ടസ്
ശ്രീ. കെ. മുരളീധരൻ
ശ്രീ. ഒ. രാജഗോപാൽ
ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. വി. ആർ. സുനിൽ കുമാർ
ശ്രീ. സി. എഫ്. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്
ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
ശ്രീമതി രമാദേവി അമ്മ എസ്. ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V (2013-2016)-ന്റെ 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239- ാം ചട്ടത്തിന്റെ (1)- ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

റിപ്പോർട്ട് കാലയളവിൽ സമിതി 16-4-2015, 27-4-2015, 5-5-2015, 29-6-2015, 22-7-2015, 16-2-2016 എന്നീ തീയതികളിലായി 6 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 16-4-2015, 27-4-2015 തീയതികളിലെ യോഗം 2015-2016 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയും 5-5-2015-ലെ യോഗം സമിതിയുടെ 2015-2016-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരടും 29-6-2015-ലെ യോഗം സമിതിയുടെ 2014-2015-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരടും 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരടും പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സമിതിയുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിൻമേൽ വകുപ്പ് സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെയും കരട് ചട്ടത്തിന്റെയും പരിഗണനയ്ക്കായി 29-6-2015, 16-2-2016 തീയതികളിൽ യോഗം ചേർന്നു. 2015-ലെ കേരള ധനകാര്യ ബിൽ, 2015-ലെ കേരള ധനകാര്യ (2- ാം നമ്പർ) ബിൽ എന്നിവയുടെ പരിഗണനയ്ക്കായി 22-7-2015-ൽ സമിതി, സബ്ജക്ട് കമ്മിറ്റി VIII-മായി സംയുക്ത യോഗം ചേർന്നു.

സമിതിയുടെ യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 40% ആയിരുന്നു.

ഈ റിപ്പോർട്ട് 4 ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്ത് സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിൻമേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ (ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടാത്തവ) ഉൾപ്പെടുത്തിയിരിക്കുന്നു. മൂന്നാം ഭാഗത്ത് സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ സംബന്ധിച്ച വിവരങ്ങളും നാലാം ഭാഗത്ത് സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനാ വിഷയങ്ങളുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും, കാലതാമസപത്രികകളും സഭയുടെ മേശപ്പുറത്ത് വച്ചത് സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ യോഗനടപടിക്കുറിപ്പുകൾ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2016 ആഗസ്റ്റ് 30-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

ജി. സുധാകരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V,*

തിരുവനന്തപുരം,
2016 ആഗസ്റ്റ് 30.

# റിപ്പോർട്ട്

## ഭാഗം 1

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾക്ക് കീഴിൽവരുന്ന വിവിധ കണക്കിനങ്ങളിലാണ് സൂക്ഷ്മപരിശോധന നടത്തുന്നത്.

ധനാഭ്യർത്ഥന നമ്പർ IX —വാഹനനികുതികൾ

ധനാഭ്യർത്ഥന നമ്പർ XV —പൊതുമരാമത്ത്

ധനാഭ്യർത്ഥന നമ്പർ XL —തുറമുഖങ്ങൾ

ധനാഭ്യർത്ഥന നമ്പർ XLI —ഗതാഗതം

2015-2016-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 08/06/2015-ന് സഭയിൽ സമർപ്പിച്ചു.2014-2015-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ടും 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 01/07/2015-ന് സഭയിൽ സമർപ്പിച്ചു.

## ഭാഗം 2

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടികൾ

2007-08 സാമ്പത്തികവർഷത്തെ രണ്ടാമത് റിപ്പോർട്ട്

ശിപാർശ

5075-60-800-90 — മറ്റ് ഗതാഗത സർവ്വീസുകളുടെ വികസനം

സംസ്ഥാനത്തെ പ്രമുഖനഗരങ്ങളെല്ലാം തന്നെ ഗതാഗത പ്രശ്നങ്ങളാൽ വീർപ്പുമുട്ടുകയാണ്. തിരുവനന്തപുരം നഗരത്തിൽ ഗതാഗത പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച 'ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ' കൊല്ലം മുതൽ നെയ്യാറ്റിൻകര വരെ സബർബൻ ട്രെയിൻ ആരംഭിക്കുന്നതിന് ചില നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ട്. കൂടാതെ എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സബർബൻ ട്രെയിൻ

ആരംഭിക്കുന്നതിന് സാധ്യതാപഠനം നടത്താൻ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാന സർക്കാരിന്റെ പതാക നൗക പദ്ധതികളിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കോഴിക്കോട് മോണോറെയിൽ പദ്ധതികൾക്ക് 9.10.2012-ലെ ജി.ഒ (എം.എസ്) നം.72/2012/പി.ഡബ്ല്യൂ.ഡി, 30.5.2013-ലെ ജി.ഒ(എം.എസ്) നം. 44/2013/പി.ഡബ്ല്യൂ.ഡി പ്രകാരം ഭരണാനുമതി നൽകി 14.5.2013 - ലെ ജി.ഒ (എം.എസ്) നം.50/2013/പി.ഡബ്ല്യൂ.ഡി അനുസരിച്ച് ഡി.എം.ആർ.സി യെ ജനറൽ കൺസൾട്ടന്റായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

മോണോറെയിൽ പദ്ധതികൾക്കായി കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV), പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ സജ്ജമാക്കി. ഡി.എം.ആർ.സി സമർപ്പിച്ച ഡി.പി.ആർ പ്രകാരം തിരുവനന്തപുരം നഗരത്തിൽ ടെക്നോസിറ്റി മുതൽ കരമന വരെ 22.2 കി.മീ ദൂരത്തിൽ 19 സ്റ്റേഷനുകളോടെയും കോഴിക്കോട് നഗരത്തിൽ മെഡിക്കൽ കോളേജ് മുതൽ മീഞ്ചന്ത വരെ 14.2 കി.മീ. ദൂരത്തിൽ 15 സ്റ്റേഷനുകളോടെയും ആണ് മോണോറെയിൽ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആദ്യഘട്ട പദ്ധതിക്ക് തിരുവനന്തപുരത്ത് 3590 കോടി രൂപയും, കോഴിക്കോട് 1991 കോടി രൂപയും ആണ് ചെലവ് പ്രതീക്ഷിക്കുന്നത്. തിരുവനന്തപുരം നഗരത്തിൽ മൊത്തം വേണ്ട ഭൂമി 15.2 ഹെക്ടർ ആണ്. ഇതിൽ 12.75 ഹെക്ടർ സർക്കാർ ഭൂമിയും, 2.45 ഹെക്ടർ സ്വകാര്യ ഭൂമിയും ആണ്. കോഴിക്കോട് നഗരത്തിൽ മൊത്തം വേണ്ട ഭൂമി 10.6928 ഹെക്ടർ ആണ്. ഇതിൽ 8.6356 ഹെക്ടർ സർക്കാർ ഭൂമിയും, 1.5392 ഹെക്ടർ സ്വകാര്യ ഭൂമിയും, 0.518 ഹെക്ടർ റെയിൽവേ ഭൂമിയും ആണ്.

1.10.2013-ന് ദർഘാസ് ക്ഷണിക്കുകയും, ഒറ്റ സ്ഥാപനം മാത്രമേ താൽപര്യം പ്രകടിപ്പിച്ചിട്ടുള്ളൂ എന്നതിനാൽ, പുനർദർഘാസ് വിളിക്കുകയും ചെയ്തു. പുനർദർഘാസിലും

ഒരു സ്ഥാപനത്തിന്റെ ദർഘാസ് മാത്രമേ ലഭിച്ചിട്ടുള്ളൂ. M/s. ബോംബാർഡിയർ കൺസോർഷ്യം സമർപ്പിച്ച സാങ്കേതിക ദർഘാസ്, ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ സാമ്പത്തിക ദർഘാസ് പരിശോധിക്കുകയുള്ളൂ. മോണോ റെയിൽ പദ്ധതിയെ കേരള സർക്കാരിന്റെ മിഷൻ 676 പ്രകാരം പ്രഖ്യാപിച്ച നവരത്ന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ തുക ആവശ്യത്തിനനുസരിച്ച് അനുവദിക്കുന്നതാണ്.

## 2011-12 സാമ്പത്തിക വർഷത്തെ ഒന്നാമത് റിപ്പോർട്ട്

### ശിപാർശ

5055-00-800-84 — ട്രക്ക് ടെർമിനൽ, കൊച്ചി

എറണാകുളത്ത് കളമശ്ശേരിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഇന്റഗ്രേറ്റഡ് ട്രക്ക് പാർക്കിംഗ് ഏരിയായുടെ നിർമ്മാണത്തിനായി 7 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 139)

### സ്വീകരിച്ച നടപടി

കൊച്ചിയിലെ ട്രക്ക് ടെർമിനൽ നിർമ്മാണം 5055-00-800-84 പ്ലാൻ എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രസ്തുത ശീർഷകം ധനാഭ്യർത്ഥന XLI-ൽ ഉൾപ്പെടുത്തിയതാണ്. ഈ ശീർഷകം കൈകാര്യം ചെയ്യുന്നത് ഗതാഗത വകുപ്പാണ്. ഈ പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന് നിയമസഭാ സമിതി ശിപാർശ ചെയ്തിരുന്നു. എന്നാൽ 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ ഈ പ്രവൃത്തിക്ക് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. പദ്ധതി നിർമ്മാണ ഏജൻസി ആരെന്ന് ഇതുവരെ തീരുമാനിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തു നടത്തുകയാണെങ്കിൽ ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട്

തയ്യാറാക്കേണ്ടതുണ്ട്. വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി ലഭിച്ചാലുടൻ പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ ഉൾപ്പെടുത്തി പ്രവൃത്തി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 2013-14-ലെ സാമ്പത്തിക വർഷത്തെ മൂന്നാമത് റിപ്പോർട്ട്

ശിപാർശ

4059-01-051-88-16 —പൊതുമരാമത്ത് മൂലധന ചെലവ് - ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം - ജയിൽ - വൻകിട മരാമത്ത് പണികൾ

ജയിൽ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി എന്നീ ഓഫീസുകളുടെ നിർമ്മാണത്തിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ളത് 5 ലക്ഷം രൂപയാണ്. എന്നാൽ പ്രസ്തുത ഓഫീസുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പല പണികളും ചെയ്യാനുള്ളതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

6/2013 വരെയുള്ള പെൻഡിംഗ് ബില്ലുകൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് മാത്രമേ റിലീസ് ചെയ്യുള്ളു. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

3053-02-190-99 —കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റിക്കുള്ള ഗ്രാന്റ്

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനു വേണ്ടി ഫണ്ട് സമാഹരിക്കുന്നതിന് രൂപീകരിച്ച കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റിയുടെ ദൈനംദിന ചെലവുകൾക്കു വേണ്ടി പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 136)

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷം 3053-02-190-99 എന്ന ശീർഷകത്തിൽ കിയാപ്പിനായി 2 ലക്ഷം രൂപ അനുവദിക്കുകയും അത് കിയാപ്പ് ചെലവാക്കുകയും ചെയ്തു.

ശിപാർശ

3056-00-001-99-01-4 — ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് -ശമ്പളം - മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്

ജലഗതാഗത വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ സമർപ്പിച്ച മുഴുവൻ മെഡിക്കൽ ബില്ലുകളും നൽകുന്നതിന് 2013-14 വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 141)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

3056-00-001-98-01-4 — ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻസ് - ശമ്പളം - മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

ജലഗതാഗത വകുപ്പിലെ ഓപ്പറേഷൻസ്/സാങ്കേതിക വിഭാഗം ജീവനക്കാർ സമർപ്പിച്ച മുഴുവൻ മെഡിക്കൽ ബില്ലുകളും നൽകുന്നതിന് നടപ്പു വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 142)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

3056-00-001-98-34 — ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - മറ്റ് ചിലവുകൾ

ജലഗതാഗത വകുപ്പിലെ സർവ്വീസ് ബോട്ടുകളിൽ ഉപയോഗിക്കുന്ന ഡീസലിന്റെ അടിക്കടിയുള്ള വിലവർധനവുമൂലമുണ്ടാകുന്ന അധികചെലവ് നേരിടാനും സർവ്വീസ് മുടക്കം ഒഴിവാക്കാനും പ്രസ്തുത ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 143)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ചെലവ് അധികമായതിനാൽ സമിതി ശിപാർശ ചെയ്ത 1.5 കോടി രൂപ ഉൾപ്പെടെ 2.5 കോടി രൂപ അഡീഷണൽ ഓതറൈസേഷനിലൂടെ അനുവദിക്കുകയുണ്ടായി.

ശിപാർശ

3056-00-001-97-19 — ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - അറ്റകുറ്റപ്പണികളും സംരക്ഷണവും - യന്ത്രോപകരണങ്ങൾ - ശമ്പളം - മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

ജലഗതാഗത വകുപ്പിന്റെ സർവ്വീസ് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ സ്പെയർ പാർട്സുകൾ വാങ്ങുന്നതിനും ഇത് സംബന്ധിച്ച പെൻഡിംഗ് ബില്ലുകൾ കൊടുത്തുതീർക്കുന്നതിനും ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 144)

സ്വീകരിച്ച നടപടി

സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ശീർഷകത്തിൽ 25 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷനിലൂടെ അനുവദിക്കുകയുണ്ടായി.

## ശിപാർശ

3075-60-800-93 — ഇടുക്കി എയർപോർട്ടിനായുള്ള സാധ്യതാപഠനം

നിർദ്ദിഷ്ട ഇടുക്കി വിമാനത്താവളത്തിനുള്ള സാധ്യതാ പഠനവും ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളുവാൻ കെ.എസ്.ഐ.ഡി.സി. യെ ചുമതലപ്പെടുത്തുകയും സാധ്യതാപഠനങ്ങൾക്കായി കൊച്ചിയിലെ ഐ.എഫ്.സി.ഐ എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും പഠനം ആരംഭിക്കുകയും ചെയ്തതായി സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 147)

കൺസൾട്ടന്റായി ഫീസിനത്തിൽ 130 ലക്ഷം രൂപയും, പബ്ലിക് റിലേഷൻസ് ആന്റ് സോഷ്യൽ മീഡിയ ക്യാമ്പയിനു വേണ്ടി 20 ലക്ഷം രൂപയും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരണത്തിനായി 100 ലക്ഷം രൂപയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക ചെലവുകൾക്കായി 100 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 350 ലക്ഷം രൂപ പ്രസ്തുത പദ്ധതിയുടെ സാധ്യതാപഠനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 2013-14 വർഷം കെ.എസ്.ഐ.ഡി.സി ക്ക് ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 148)

നിർദ്ദിഷ്ട വയനാട് വിമാനത്താവളത്തിന്റെ സാധ്യതാപഠനവും ആയത് സ്ഥാപിക്കുന്നതിനു വേണ്ട നടപടികളും കൈക്കൊള്ളുന്നതിന് കെ.എസ്.ഐ.ഡി.സി യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പത്രപ്പരസ്യത്തിലൂടെ കണ്ടെത്തിയ മുംബൈയിലുള്ള നൈറ്റ് ഫ്രാങ്ക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡും, എയർപോർട്ട് പ്ലാനേഴ്സ് ആന്റ് ഡിസൈൻ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡും ചേർന്നുള്ള കൺസോർഷ്യത്തിനെ സാധ്യതാ പഠനം നടത്തുന്നതിന് കെ.എസ്.ഐ.ഡി.സി ചുമതലപ്പെടുത്തുകയും ഇതോടൊപ്പം വിമാനത്താവളത്തിനായുള്ള മാർക്കറ്റിംഗ് ക്യാമ്പയിൻ, അനുയോജ്യമായ സ്ഥലം, നിക്ഷേപകർ തുടങ്ങിയവ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 149)

കൺസൾട്ടൻസി ഫീസിനത്തിൽ 73 ലക്ഷം രൂപയും പബ്ലിക് റിലേഷൻ ആന്റ് സോഷ്യൽ മീഡിയ ക്യാമ്പയിനുവേണ്ടി 2 ലക്ഷം രൂപയും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരണത്തിനുവേണ്ടി 1 കോടി രൂപയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക ചെലവുകൾക്കായി ഒരു കോടി രൂപയും ഇതര ചെലവുകൾക്കായി 7 ലക്ഷം രൂപയും ഉൾപ്പെടെ 3 കോടി രൂപ കെ.എസ്.ഐ.ഡി.സി യുടെ ചുമതലയിൽ നടത്തി വരുന്ന വയനാട് വിമാനത്താവളത്തിന്റെ സാധ്യതാ പഠനങ്ങൾക്കും നടപടികൾക്കുമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 150)

## സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം നിർദ്ദേശം സമർപ്പിച്ചുവെങ്കിലും 2013-14 ലെ ഉപധനാഭ്യർത്ഥനയിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഇടുക്കി, വയനാട് വിമാനത്താവള പദ്ധതികളുടെ കൺസൾട്ടൺസിയുമായി ബന്ധപ്പെട്ട് ചെലവായ 75 ലക്ഷം രൂപ കെ.എസ്.ഐ.ഡി.സി ആവശ്യപ്പെടുകയും ടി തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കുകയും ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടുകൂടി പ്രസ്തുത തുക നൽകുന്നതിന്, 29.03.2014 ൽ ജി.ഒ (ആർ.റ്റി) നം.155/14/ഗതാ. നമ്പരായി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

## ശിപാർശ

### 5053-02-190-97 — കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണച്ചുമതല കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം ലിമിറ്റഡ് (KIAL) കമ്പനിയ്ക്ക് നൽകിയതായും പ്രസ്തുത പദ്ധതിക്കായി സ്ഥലമേറ്റെടുപ്പ് നോഡൽ ഏജൻസിയായ കിൻഫ്രയാണ് നടത്തുന്നതെന്നും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക ബാങ്ക് വായ്പ മുഖേനയാണ് കണ്ടെത്തുന്നതെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ട സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട LAR കേസ്സുകൾ തീർപ്പാക്കുന്നതിന് അഞ്ചുകോടി രൂപയും വിമാനത്താവളത്തിന്റെ

ച്ചുറ്റുമതിൽ നിർമ്മാണം, ജലവിതരണ പദ്ധതി, വൈദ്യുതി സബ്സ്റ്റേഷൻ നിർമ്മാണം, കൺസൾട്ടൺസി ഫീസ്, എർത്ത് വർക്ക് എന്നിവയ്ക്കായി 155.89 കോടി രൂപയും 2013-14 വർഷം ആവശ്യമാണ്. കൂടാതെ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് ഫണ്ട് സമാഹരിക്കുന്നതിനുവേണ്ടി രൂപീകരിച്ച അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റി (KIAL)-യുടെ ഓഹരികൾ വാങ്ങുന്നതിന് നടപ്പുവർഷം 33.5 കോടി ആവശ്യമാണ്.

(ഖണ്ഡിക 151)

ആയതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുള്ള ഒരു ലക്ഷം രൂപയ്ക്ക് പുറമേ മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി 194.38 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 152)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ പ്രകാരം ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ നൽകിയെങ്കിലും 2013-14 ലെ ഉപധനാഭ്യർത്ഥനയിൽ തുകയൊന്നും 5053-02-190-97 ശീർഷകത്തിൽ വകയിരുത്തപ്പെട്ടിട്ടില്ല.

<u>ശിപാർശ</u>

5053-02-190-93 —<u>കോഴിക്കോട് എയർപോർട്ടിനായുള്ള ഭൂമി ഏറ്റെടുക്കൽ</u>

കോഴിക്കോട് എയർപോർട്ട് വികസനത്തിനായി, തിരൂരങ്ങാടി പള്ളിക്കൽ വില്ലേജിൽ നിന്ന് 137 ഏക്കർ ഭൂമിയും പുനരധിവാസത്തിനു വേണ്ടിയുള്ള 20 ഏക്കർ ഭൂമിയും ഉൾപ്പെടെ ആകെ 157 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുണ്ടെങ്കിലും തദ്ദേശവാസികളുടെ എതിർപ്പുകൾ ലഘൂകരിക്കുന്നതിനും പരമാവധി സഹകരണം ഉറപ്പുവരുത്തുന്നതിനും വേണ്ടി പുനരധിവാസത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടത് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 153)

ആയതിനാൽ പ്രസ്തുത പദ്ധതിക്കുള്ള സ്ഥലമെടുപ്പിന് 185 കോടി രൂപയും പുനരധിവാസത്തിന് 20 കോടി രൂപയും ചേർത്ത് 205 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 154)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ നിർദ്ദേശപ്രകാരം തുക ലഭ്യമാക്കാനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിലയച്ചുവെങ്കിലും 2013-14 ലെ ഉപധനാഭ്യർത്ഥനയിൽ 5053-02-190-93 ശീർഷകത്തിൽ തുകയൊന്നും അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

7053-02-190-99—<u>തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ</u>

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനായി 18.92 ഏക്കർ സ്ഥലം ഏറ്റെടുത്ത് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് നൽകുന്നതിന് 200 കോടി രൂപ ആവശ്യമാണ്. പ്രസ്തുത വിമാനത്താവളത്തിനു വേണ്ടി സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട LAR കേസ്സുകൾ ഡിക്രിയയും ജഡ്ജ്മെന്റും ലഭിച്ച 16 കേസ്സുകളിൽ കോടതിയിൽ കെട്ടിവയ്ക്കുന്നതിനായി 3.5 കോടി രൂപയും കൂടാതെ ജഡ്ജ്മെന്റ് ലഭിക്കാനുള്ള 15 കേസ്സുകൾക്ക് വേണ്ടി വരുന്ന തുകയും ഉൾപ്പെടെ 10 കോടി രൂപയും ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ ആകെ 210 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 162)

<u>സ്വീകരിച്ച നടപടി</u>

LAR കേസ്സുകളുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലാ കളക്ടറും & ടിയാഡ്സ് മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം 3.5 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ 18.92 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പ്രദേശ വാസികളുടെ എതിർപ്പു മൂലം സർവ്വേ നടപടികൾ പൂർത്തിയാക്കാനോ തുടർ നടപടികൾ

സ്വീകരിക്കാനോ സാധിക്കാത്തതിനാൽ അതിനായി അധിക തുക 2013-14-ൽ ആവശ്യമായി വന്നില്ല.

<u>പൊതു ശിപാർശ</u>

കൊച്ചി മൊബിലിറ്റി ഹബ്ബിന്റെ ഭാഗമായുള്ള വൈറ്റില-കാക്കനാട് ബോട്ട് സർവ്വീസിന്റെ യാത്രാസമയം 25 മിനിട്ടായി കുറയ്ക്കുന്ന വിധത്തിൽ വേഗത കൂടിയ ഫെറി ബോട്ടുകൾ ഉപയോഗിക്കണമെന്നും മിനിമം യാത്രാക്കൂലി വർദ്ധിപ്പിച്ച് 4 രൂപയാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഈ ആവശ്യത്തിനായി ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന 2 ബോട്ടുകൾക്ക് പുറമേ രണ്ട് ബോട്ടുകൾ കൂടി നിർമ്മിക്കുന്നതിനുള്ള തുക അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 163)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാന ജലഗതാഗത വകുപ്പിൽ യാത്രാബോട്ടുകളിലെ മിനിമം യാത്രാ കൂലി 4/- രൂപയാക്കി നിശ്ചയിച്ചുകൊണ്ട് ടിക്കറ്റ് ചാർജ് വർദ്ധനവ് നടപ്പിൽ വരുത്തിയിട്ടുണ്ട്. നടപടി ക്രമങ്ങൾ പൂർത്തിയാക്കാത്തതുകൊണ്ട് വേഗത കൂടിയ ഫെറി ബോട്ടുകൾ വാങ്ങുന്നതിന് 2013-14 സാമ്പത്തികവർഷം സാധിച്ചിരുന്നില്ല.

## 2014-15 സാമ്പത്തികവർഷത്തെ നാലാമത് റിപ്പോർട്ട്

<u>ശിപാർശ</u>

3051-02-001-93 — <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - മാരിടൈം വിദ്യാഭ്യാസ പരിശീലന പരിപാടികളും ശേഷിവികസനവും</u>

കേരള സംസ്ഥാനത്തെ കപ്പലോട്ട വിജ്ഞാന വിദ്യാഭ്യാസ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുള്ളത്. നീണ്ടകരയിൽ കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. 03-09-2011 മതൽ കൊടുങ്ങല്ലൂരിൽ സബ്സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിയിലെ

ുക, അടിസ്ഥാന സൗകര്യവികസനം, കെട്ടിടങ്ങളുടെ നിർമ്മാണ പരിപാലനം, ഗ്രന്ഥശാലകളുടെ നിർമ്മാണം, കാമ്പസുകളുടെ പരിപാലനം, ലാബുകളിലേക്കാവശ്യമായ സാധന സാമഗ്രികൾ, പാഠപുസ്തകങ്ങൾ വാങ്ങുക, പരിശീലനത്തിന് വേണ്ടിയുള്ള വീഡിയോ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ എന്നിവ വാങ്ങുക, പരിശീലന ക്ലാസ്സുകൾ നടത്തുക, വിദഗ്ധാഭിപ്രായം തേടുക, വിദഗ്ധർക്കുള്ള ഫീ നൽകുക തുടങ്ങിയ ആവശ്യങ്ങൾക്കായുള്ളതാണ്. ഈ ശീർഷകത്തിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതിയ്ക്ക് ബോദ്ധ്യപ്പെട്ടതിനാൽ 60 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

സ്വീകരിച്ച നടപടി

അനുവദിച്ച തുക മതിയായിരുന്നതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

ശിപാർശ

3051-02-001-92— തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - കേരള ഉൾനാടൻ നിയമം നടപ്പാക്കൽ

കേരളത്തിലെ വിവിധ ജില്ലകളിലെ ഉൾനാടൻ ജലവാഹനങ്ങൾ, കേരള ഉൾനാടൻ യാന നിയമത്തിൻകീഴിലെ രജിസ്റ്ററിംഗ് അതോറിറ്റിയും ചീഫ് സർവ്വേയറും നിശ്ചിതകാലം ഇടവിട്ട് പരിശോധിക്കേണ്ടതുണ്ട്. ഇതിനുവേണ്ടി ടി ഉദ്യോഗസ്ഥരുടെ യാത്രാസൗകര്യത്തിനായി ഒരു കാർ, ഒരു വിവിധോദ്ദേശ്യ വാഹനം എന്നിവ വാങ്ങിയിട്ടുണ്ട്. എറണാകുളത്ത് ഓഫീസ് ഫോൺ സ്ഥാപിക്കുന്നതിനും വേമ്പനാട് കായലിലും തേക്കടിയിലും മറ്റ് ഉൾനാടൻ ജലപാതകളിലും ബോയ സ്ഥാപിക്കുന്നതിനും, ജലവാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിന് ആവശ്യമാം വിധം ഡ്രൈഡോക്ക് സ്ഥാപിക്കുന്നതിനും നീണ്ടകരയിൽ ആരംഭിച്ച ഡൈവേഴ്സ് ട്രെയിനിംഗിനു വേണ്ടിയും സ്വീവേജ് പ്ലാന്റ് സ്ഥാപിക്കുന്നതിനും ഈ ശീർഷകത്തിൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ തുറമുഖ വകുപ്പ് 2010 മുതൽ കേരള ഉൾനാടൻ യാന നിയമം (കെ.ഐ.വി റൂൾ) നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. ഹോവർ ക്രാഫ്റ്റ്

വാങ്ങുക, മുഖ്യപരീക്ഷാ പരിശോധകൻ കോമ്പിറ്റൻസി ടെസ്റ്റ് നടത്തുക തുടങ്ങിയവയ്ക്ക് ആവശ്യമായ തുകയും കൂടി ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

<u>സ്വീകരിച്ച നടപടി</u>

അനുവദിച്ച തുക മതിയായിരുന്നതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

<u>ശിപാർശ</u>

3051-02-001-91 — <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - സമുദ്ര ജലഗതാഗത വ്യാപനം മൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാതത്തെക്കുറിച്ചുള്ള വിലയിരുത്തലും അവ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും</u>

സംസ്ഥാനത്തെ കപ്പൽ വ്യവസായ വികസനം, തീരദേശ കപ്പൽ ഗതാഗത വികസനം, കപ്പലോട്ട വ്യവസായത്തിലെ വിഭവങ്ങളുടെ ഫലദായകമായ ഉപയോഗം, തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജല ഗതാഗതവും സംയോജിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾക്കായും പരിസ്ഥിതിക്കും ആവാസ വ്യവസ്ഥയ്ക്കും വിഘാതം സൃഷ്ടിക്കാതെ പാരിസ്ഥിതിക പഠനം നടത്തുന്നതിനും ആഘാത ലഘൂകരണത്തിനും ആവശ്യമായ നടപടികളുടെ വിലയിരുത്തൽ നടപ്പാക്കുക എന്നീ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

<u>സ്വീകരിച്ച നടപടി</u>

അനുവദിച്ച തുക മതിയായിരുന്നതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

ശിപാർശ

3051-02-001-90— തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - തുറമുഖ വകുപ്പിലെ ഭരണ നവീകരണം

കേരള മാരിടൈം ബോർഡിനുവേണ്ടി, മാന്വലുകളും മറ്റ് മാർഗ്ഗനിർദ്ദേശ രേഖകൾ, സംവിധാനങ്ങൾ രൂപീകരിക്കുക, ഉപദേശകരെ ഏർപ്പെടുത്തുക, വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക, കപ്പലോട്ട വ്യവസായ വികസനത്തിനുള്ള സെമിനാറുകൾ, കോൺഫറൻസുകൾ നടത്തുക, തദ്ദേശീയവും വിദേശീയവുമായ തുറമുഖങ്ങൾ പഠനാവശ്യത്തിന് സന്ദർശിക്കുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എറണാകുളത്ത് ഓഫീസ് സമുച്ചയം നിർമ്മിക്കുക, എറണാകുളത്ത് ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി വാങ്ങാനുള്ള നടപടിയും ഓഫീസാവശ്യത്തിനായുള്ള വാഹനം വാങ്ങുക എന്നീ ആവശ്യങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

സ്വീകരിച്ച നടപടി

അനുവദിച്ച തുക മതിയായിരുന്നതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

ശിപാർശ

3051-02-102-98— തുറമുഖങ്ങളും, ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - തുറമുഖ കാര്യാന്വേഷണം - അന്വേഷണവും രക്ഷാ നടപടിയും

കടലിലെ രക്ഷാ പ്രവർത്തനങ്ങൾക്കുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ ശമ്പളം, അലവൻസ്, വേതനം, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ, യന്ത്രോപകരണങ്ങളുടെ സംരക്ഷണ ചെലവ്, മറ്റ് ചെലവുകൾ, യന്ത്രങ്ങളുടെ നടത്തിപ്പിനുള്ള ചെലവ്, മറ്റ് ചെലവുകൾ മുതലായവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ

72.72 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടഗ്ഗുകൾക്കും ബാർജ്ജുകൾക്കും ഇന്ധന ചെലവിനായി 2 ലക്ഷം രൂപ കൂടി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

<u>സ്വീകരിച്ച നടപടി</u>

അനുവദിച്ച തുക മതിയായിരുന്നതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

<u>ശിപാർശ</u>

3051-02-104-98 — <u>തുറമുഖങ്ങളും, ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - പൈലറ്റിംഗ് ഇന്ത്യൻ നാവികസേനാ ചട്ടത്തിനുകീഴിലുള്ള തീരദേശ സുരക്ഷയും യുദ്ധനിരീക്ഷണ പ്രവൃത്തികളും</u>

മാരിടൈം സ്റ്റേറ്റ് ഡവലപ്മെന്റ് കൗൺസിലിന്റെ നിർദ്ദേശങ്ങളും തീരുമാനങ്ങളും, തീരദേശ സുരക്ഷയ്ക്കു വേണ്ടി നിരീക്ഷണ ബോട്ടുകളും അനുബന്ധ സൗകര്യങ്ങൾ, വെസ്സൽ ട്രാക്കിംഗ് മാനേജ്മെന്റ് സംവിധാനങ്ങൾ, അണുവികിരണ വസ്തുക്കൾ തിരിച്ചറിയുന്നതിനുള്ള സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും ജീവനക്കാർക്ക് ഇന്ത്യൻ നേവി ആക്റ്റിന്റെ കീഴിൽ വാർ വാച്ചിംഗ്, സുരക്ഷാ നടപടികൾ എന്നിവയിൽ പരിശീലനം നൽകുന്നതിനും ഈ പദ്ധതിയിൻകീഴിൽ ലക്ഷ്യമിടുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

<u>സ്വീകരിച്ച നടപടി</u>

അനുവദിച്ച തുക മതിയായിരുന്നതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

<u>ശിപാർശ</u>

5051-01-001-99— <u>തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - വൻകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - വിഴിഞ്ഞം ആഴക്കടൽ വികസനം - അന്താരാഷ്ട്ര കപ്പൽ ഗതാഗത ടെർമിനൽ</u>

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് വികസിപ്പിക്കുന്നതെന്നും, പദ്ധതി രേഖകൾ അംഗീകരിച്ചു കഴിഞ്ഞുവെന്നും, സംസ്ഥാന സർക്കാർ വലിയതോതിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി മുതൽമുടക്കുകയും തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ കമ്പനി/വ്യക്തി തുറമുഖം പ്രവർത്തിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 250 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

സ്വീകരിച്ച നടപടി

ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിന് ശേഷം ഫണ്ട് അനുവദിക്കേണ്ടതുള്ളൂ എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ അധിക തുക ആവശ്യമായി വരുന്നില്ല.

ശിപാർശ

5051-02-200-83 — തുറമുഖങ്ങൾ-ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - ചെറുകിട തുറമുഖങ്ങൾ - മറ്റ് ചെറുകിട തുറമുഖങ്ങൾ - അഴീക്കൽ തുറമുഖ വികസനം

തദ്ദേശീയവും വിദേശീയവുമായ ചരക്ക് കണ്ടെയ്നറിലുള്ളതും അല്ലാത്തതും, കൈകാര്യം ചെയ്യുന്നതും എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്നതുമായ ഒരു തുറമുഖമായി അഴീക്കൽ തുറമുഖം വികസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നതായും തുറമുഖ ഓഫീസ് കെട്ടിടങ്ങൾ പുനർനിർമ്മിക്കുക, സജ്ജമാക്കുക, ജീവനക്കാർക്ക് വസതി നിർമ്മിക്കുക, പൈലറ്റ് പട്രോൾ ബോട്ടുകൾ വാങ്ങുക, ട്രാൻസിറ്റ് ഷെഡ് തുറമുഖ ഭൂമി പച്ചവിരിക്കുക, സുന്ദരമാക്കുക, വെയ്ബ്രിഡ്ജ്, ബോയകൾ, ചാനൽ അടയാളപ്പെടുത്തുക, 3 കെ.വി.എ. സൗരോർജ്ജ യൂണിറ്റ് സ്ഥാപിക്കുക, 750 എച്ച്.പി. ടഗ്ഗ് വാങ്ങുക എന്നിവയ്ക്കായും മണ്ണുമാന്തി വാങ്ങുന്നതിനും വേണ്ട തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ, ഈ ശീർഷകത്തിൽ 15.80 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 100)

<u>സ്വീകരിച്ച നടപടി</u>

അധികതുകയ്ക്ക് വേണ്ടിയുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും ടി വകുപ്പ് അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

5051-02-200-79 - <u>തുറമുഖങ്ങൾ,ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - ചെറുകിട തുറമുഖങ്ങൾ - മറ്റ് ചെറുകിട തുറമുഖങ്ങൾ - പൊന്നാനി തുറമുഖ വികസനം</u>

തദ്ദേശീയവും വിദേശീയവുമായ ചരക്ക് കണ്ടെയ്നറിൽ വരുന്നതും അല്ലാത്തതും, കൈകാര്യം ചെയ്യുന്നതും എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്നതുമായ ഒരു തുറമുഖമായി പൊന്നാനി തുറമുഖം വികസിപ്പിക്കുന്നതിനായി ഉദ്ദേശിക്കുന്നതായും, തുറമുഖ കെട്ടിടങ്ങളുടെ പുനർനിർമ്മാണം, വെഹിക്കിൾ ഷെഡ് നിർമ്മാണം, ചുറ്റുമതിലും ഗേറ്റും സ്ഥാപിക്കുക, തുറമുഖ ഭൂമി പച്ചവിരിക്കുക, കപ്പലോട്ട നിയമങ്ങൾ അനുസരിച്ച് ചാനൽ മാർക്ക് ചെയ്യുക തുടങ്ങി തുറമുഖം നടത്തിപ്പിനും വികസനത്തിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

<u>സ്വീകരിച്ച നടപടി</u>

അനുവദിച്ച തുക മതിയായിരുന്നതിനാൽ അധികതുക ആവശ്യപ്പെട്ടില്ല.

ശിപാർശ

5051-02-200-78 - <u>തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - ചെറുകിട തുറമുഖങ്ങൾ - മറ്റ് ചെറുകിട തുറമുഖങ്ങൾ - വിഴിഞ്ഞം കാർഗോ തുറമുഖം</u>

വിഴിഞ്ഞം കാർഗോ ഹാർബർ എന്ന ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുക വകയിരുത്തിയിട്ടില്ല. കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി 77,72,000/- രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 103)

സ്വീകരിച്ച നടപടി

55,72,000/- രൂപ ആദ്യ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി നിർദ്ദേശം സമർപ്പിച്ചുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

ശിപാർശ

5051-02-200-74 - <u>തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - ചെറുകിട തുറമുഖങ്ങൾ - മറ്റ് ചെറുകിട തുറമുഖങ്ങൾ - ബേപ്പൂർ, കോഴിക്കോട് തുറമുഖങ്ങളുടെ വികസനം</u>

ബേപ്പൂർ, കോഴിക്കോട് തുറമുഖ വികസനത്തിന്റെ ഭാഗമായി പാസ്സഞ്ചർ ടെർമിനലിൽ അധികസൗകര്യങ്ങൾ ഒരുക്കുക, ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള യന്ത്രങ്ങൾ വാങ്ങുക, സ്പീഡ് ബോട്ട്, ക്രെയിൻ ഇവ വാങ്ങുക, തുറമുഖ തൊഴിലാളികളുടെ സുരക്ഷിതത്വത്തിനും ക്ഷേമത്തിനും പരിപാടികൾ നടത്തുക, ജീവനക്കാർക്ക് വസതികളും സൗകര്യവും ഒരുക്കുക, തുറമുഖത്തേയ്ക്ക് റോഡ് സൗകര്യം ഒരുക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കുക/വാങ്ങുക, ഐ.എസ്.പി.എസ്. കോഡ് അനുസരിച്ച് സുരക്ഷാ സംവിധാനം ഒരുക്കുക, ബ്രേക്ക് വാട്ടർ നിർമ്മിക്കുക, പൈലറ്റ് പട്രോൾ ബോട്ട് വാങ്ങുക, തുറമുഖ ഭൂമി പച്ചവിരിക്കുക, വെയ് ബ്രിഡ്ജിംഗ് സ്ഥാപിക്കുക, ജീപ്പ്, ബോട്ട്, ടഗ്ഗ് എന്നിവ വാങ്ങുക എന്നീ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ, 10.25 കോടി രൂപ

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

<u>സ്വീകരിച്ച നടപടി</u>

അധികതുകയ്ക്ക് വേണ്ടിയുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും ടി വകുപ്പ് അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

5051-80-800-72 - <u>തുറമുഖങ്ങൾ - ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - ഇരവിപുരം-പരവൂർ തീരദേശ റോഡ്</u>

ഇരവിപുരം-പരവൂർ തീരദേശ റോഡിന്റെ ഭാഗമായുള്ള ഇരവിപുരത്തുള്ള പാലത്തിന് 4 കോടി രൂപ ആവശ്യപ്പെട്ടുവെങ്കിലും 2 കോടി രൂപയാണ് വകയിരുത്തിയത്. മുക്കം പൊഴിക്ക് കുറുകെയുള്ള പാലം നിർമ്മിക്കുന്നതിന് 5.70 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

<u>സ്വീകരിച്ച നടപടി</u>

അനുവദിച്ച തുക മതിയായിരുന്നതിനാൽ അധികതുക ആവശ്യപ്പെട്ടില്ല.

<u>ശിപാർശ</u>

5051-80-800-62 - <u>തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - തീരദേശ കപ്പൽഗതാഗത വികസനം</u>

റോഡിനുപകരം കടലിലൂടെ ചരക്ക് കൈകാര്യം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനാണ് തീരദേശകപ്പൽ ഗതാഗതവികസനം കൊണ്ട് ഉദ്ദേശിക്കുന്നത്. തുടക്കത്തിൽ വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾ ബന്ധിപ്പിച്ചുകൊണ്ട് തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നതായും

തീരദേശ കപ്പൽഗതാഗതത്തിന്റെ പ്രോത്സാഹനത്തിന്, വാങ്ങിയതോ വാടകയ്ക്കെടുത്തതോ ആയ കപ്പലുകൾ ആവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. കൊല്ലം, കൊടുങ്ങല്ലൂർ, അഴീക്കൽ എന്നിവിടങ്ങളിൽ പി.പി.പി. അടിസ്ഥാനത്തിൽ സിമന്റ് ടെർമിനലുകൾ സ്ഥാപിക്കുക, തീരദേശ കപ്പൽഗതാഗത വ്യവസായത്തിന്റെ പ്രോത്സാഹനത്തിന് സെമിനാറുകൾ, കോൺഫറൻസുകൾ എന്നിവ നടത്തുക, ഇൻസെന്റീവ് നൽകുക, പ്രോജക്ടുകൾക്ക് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കായി 39.30 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 60.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 109)

<u>സ്വീകരിച്ച നടപടി</u>

അനുവദിച്ച തുക മതിയായിരുന്നതിനാൽ അധികതുക ആവശ്യപ്പെട്ടില്ല.

<u>ശിപാർശ</u>

3053-02-190-99 - <u>സിവിൽ ഏവിയേഷൻ - എയർപോർട്ടുകൾ- പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള സഹായധനം- കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റിക്കുള്ള ഗ്രാന്റ്</u>

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് ഫണ്ട് സമാഹരിക്കുന്നതിന് 4-4-2012 ലെ ജി.ഒ. (എം.എസ്) നം. 20/2012/ട്രാൻ. പ്രകാരം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റി രൂപീകരിച്ചുവെങ്കിലും നടപ്പുസാമ്പത്തിക വർഷം ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ, 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 110)

<u>സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ കിയാപ്പിനായി 3 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

3055-00-800-95 - <u>റോഡ് ഗതാഗതം - മറ്റ് ചെലവുകൾ - കേരള റോഡ് സുരക്ഷ ഫണ്ടിലേയ്ക്ക് മാറ്റൽ</u>

2013-14 സാമ്പത്തിക വർഷം കേരള റോഡ് സുരക്ഷാ അതോറിറ്റി വിവിധ പ്രോജക്ടുകൾ, ഓഫീസ് ചെലവുകൾ, ഗതാഗതം, ടാക്സ് എന്നീയിനങ്ങളിൽ 2014 ഫെബ്രുവരി വരെ 25,06,53,479 രൂപ ചെലവഴിച്ചതായി സമിതി മനസ്സിലാക്കുന്നു. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ റോഡ് സുരക്ഷാ പദ്ധതികൾക്ക് അനുവദിച്ച തുകയിൽ 32.13 കോടി രൂപ വിവിധ വകുപ്പുകൾക്ക് നൽകാനുമുണ്ട്. അതോറിറ്റിയിൽ ടെക്നിക്കൽ സ്റ്റാഫ് ഉൾപ്പെടെ കൂടുതൽ ജീവനക്കാർ വരാൻ സാധ്യതയുള്ളതിനാൽ ശമ്പളം, ഓഫീസ് ചെലവുകൾ മുതലായ ഇനങ്ങളിൽ 50% വർദ്ധന ഈ സാമ്പത്തിക വർഷം ഉണ്ടാകുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ നിലവിൽ അനുവദിച്ച തുകയായ 67.10 കോടി രൂപ അപര്യാപ്തമാണ്. 2008-09 മുതൽ 2011-12 വരെ അതോറിറ്റിക്ക് ലഭിക്കാനുള്ള 21.29 കോടി രൂപയും ചേർത്ത് ആകെ 38.53 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 111)

<u>സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നും അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

3056-00-001-98-01(4) - ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - ശമ്പളം

ശമ്പളം - മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായ സാഹചര്യത്തിൽ ജീവനക്കാർ നൽകിയ മുഴുവൻ മെഡിക്കൽ ബില്ലുകളും മാറുന്നതിനായി ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 112)

സ്വീകരിച്ച നടപടി

സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ 2,00,000 (രണ്ട് ലക്ഷം രൂപ) അഡീഷണൽ ഓതറൈസേഷനിലൂടെ അനുവദിക്കുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തു.

ശിപാർശ

3056-00-001-98-34 - ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - മറ്റ് ചെലവുകൾ

ഷെഡ്യൂളുകളുടെ എണ്ണം വർദ്ധിക്കുകയും സർവ്വീസ് ബോട്ടുകളിലുപയോഗിക്കുന്ന ഡീസലിന്റെ വില വർദ്ധനവുമൂലമുണ്ടാകുന്ന അധിക ചെലവ് നേരിടാനുമായി 2 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 113)

സ്വീകരിച്ച നടപടി

2 കോടി 20 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷനിലൂടെ അനുവദിക്കുകയുണ്ടായി.

ശിപാർശ

3056-00-001-97-19 - ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - അറ്റകുറ്റ പണികളും സംരക്ഷണവും - യന്ത്രോപകരണങ്ങൾ

ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കാവശ്യമായ സ്പെയർ പാർട്ടുകൾ വാങ്ങുന്നതിന് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 114)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

5053-02-190-97 - സിവിൽ ഏവിയേഷനുള്ള മൂലധനച്ചെലവ് - എയർപോർട്ടുകൾ - പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിനായി മൂന്നാംഘട്ട സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട ബാങ്ക് വായ്പയുടെ പലിശയും ഗവൺമെന്റ് ഗ്യാരണ്ടി കമ്മീഷനുവേണ്ടി ഈ ശീർഷകത്തിൽ 34.57 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 117)

സ്വീകരിച്ച നടപടി

2014-15 വർഷത്തിൽ യൂണിയൻ ബാങ്കിൽനിന്നും എടുത്ത ടേം ലോൺ തിരിച്ചടവിലേയ്ക്കായി 10.44 കോടി രൂപ മേജർ പ്രൊജക്ടുകൾക്കുള്ള 5475-00-800-92 (P) എന്ന ശീർഷകത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്.

ശിപാർശ

5053-02-190-92 - സിവിൽ ഏവിയേഷനുള്ള മൂലധനച്ചെലവ് - എയർപോർട്ടുകൾ - പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - സംസ്ഥാനത്തെ 10 ജില്ലകളിൽ ഹെലിപോർട്ട് സ്ഥാപിക്കൽ

എല്ലാ ജില്ലകളിലും വ്യോമയാന സംവിധാനം ഏർപ്പെടുത്തേണ്ടത് അനിവാര്യമാണെങ്കിലും വിമാനത്താവളങ്ങൾ സ്ഥാപിക്കുന്നതിന് വളരെയേറെ ഭൂമി ആവശ്യമായതും കൂടുതൽ സാമ്പത്തിക ബാദ്ധ്യതയുള്ളതുമായതിനാൽ വിമാനത്താവളങ്ങൾ ഇല്ലാത്ത ജില്ലകളിൽ ഹെലിപോർട്ട് സ്ഥാപിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. അകലെയായതിനാൽ കോഴിക്കോട് ആസ്ഥാനമായും കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലാ ആസ്ഥാനങ്ങളിൽ സർക്കാർ ഭൂമി ലഭ്യമാകുന്നിടത്തും സർക്കാർ ഭൂമി ഇല്ലാത്ത സ്ഥലങ്ങളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി ഹെലിപോർട്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക പര്യാപ്തമല്ല. ഒരു ഹോലിപോർട്ട് നിർമ്മാണത്തിന് 50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 118)

സ്വീകരിച്ച നടപടി

പദ്ധതിക്ക് ആവശ്യമായ ഭൂമി കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ ഈ ശീർഷകത്തിൽ തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടില്ല.

ശിപാർശ

5056-00-102-99 - ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - വർക്ക്ഷോപ്പ് സൗകര്യങ്ങൾ - ചെറിയ ഡ്രൈ ഡോക്ക് നിർമ്മാണം

ഈ പദ്ധതിക്കുള്ള മതിപ്പ് ചെലവ് 20 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ

അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 120)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമായി 2014-15-ൽ 5056-00-102-99 ശീർഷകത്തിൽ ഡ്രൈ ഡോക്ക് നിർമ്മാണത്തിന് അനുവദിച്ച പദ്ധതി വിഹിതം 10 കോടി രൂപയായിരുന്നു. എന്നാൽ, പ്രസ്തുത വിഹിതം ചെലവഴിച്ചിട്ടില്ല.

ശിപാർശ

5056-00-104-96 - ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - നാവിഗേഷൻ - ഭൂമി, കെട്ടിടം, ടെർമിനൽ സൗകര്യങ്ങൾ

കോട്ടയം ജില്ലയിൽ ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ സ്റ്റേഷനാഫീസ് കെട്ടിടം നിൽക്കുന്ന സ്ഥലത്ത് ഒരു വാട്ടർ ടൂറിസ്റ്റ് ഹബ്ബ് പണിയുന്നതിനായി ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 121)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 140 ലക്ഷം രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത്. സമിതി ശിപാർശ ചെയ്ത പ്രകാരം അധിക തുകയൊന്നും ഈ ശീർഷകത്തിൽ അനുവദിക്കുകയുണ്ടായില്ല. വാട്ടർ ടൂറിസ്റ്റ് ഹബ്ബ് പ്രോജക്റ്റ് ടൂറിസം വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്.

ശിപാർശ

5056-00-104-87 - ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - നാവിഗേഷൻ - എൽ.എൻ.ജി. വെസ്സലിന്റെ സംഭരണം

എൽ.എൻ.ജി. വഹിക്കുന്ന ഒരു ജലവാഹനം നിർമ്മിക്കുന്ന പുതിയ പദ്ധതിയുടെ ആദ്യഘട്ടത്തിനുള്ള മതിപ്പുചെലവ് 30 കോടി രൂപയായതിനാൽ അനുവദിച്ച തുക

പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 28 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 122)

<u>സ്വീകരിച്ച നടപടി</u>

5056-00-104-87 ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 2014-15-ൽ അനുവദിച്ച പദ്ധതി തുകയായ 20 കോടി രൂപ ചെലവഴിച്ചിട്ടില്ല.

<u>ശിപാർശ</u>

5075-60-800-70 - <u>മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റ് ചെലവുകൾ - സബർബൻ റെയിൽ പദ്ധതി</u>

സബർബൻ റെയിൽ പദ്ധതിയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് 10.99 കോടി രൂപ MRVC-ക്ക് നൽകേണ്ടതിൽ രണ്ടാം ഗഡുവായ 2,39,61,895 രൂപ ഈ ശീർഷകത്തിൽനിന്നും നൽകിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിന്റെ ബാക്കി തുകയും നോഡൽ ഓഫീസിന്റെ പ്രവർത്തന ചെലവിനും പദ്ധതിയുടെ ചീഫ് കൺസൾട്ടന്റിന്റെ ശമ്പള ഇനത്തിലുമായി തുക വകയിരുത്തേണ്ടത് ആവശ്യമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ7.0838 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 127)

<u>സ്വീകരിച്ച നടപടി</u>

സബർബൻ റെയിൽ പദ്ധതിയുടെ സാദ്ധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് 10.99 കോടി രൂപ MRVC-ക്ക് നൽകേണ്ടിയിരുന്നതിനാൽ മൂന്നാം ഗഡുവായ 5,49,52,369 (അഞ്ച് കോടി നാൽപ്പത്തൊമ്പത് ലക്ഷത്തി അൻപത്തി രണ്ടായിരത്തി മുന്നൂറ്റി അറുപത്തൊമ്പത് രൂപ മാത്രം) രൂപയും, നോഡൽ ഓഫീസിന്റെ പ്രവർത്തന

ചെലവിനും പദ്ധതിയുടെ ചീഫ് കൺസൾട്ടന്റിന്റെ ശമ്പള ഇനത്തിലുമായും 24,20,631 (ഇരുപത്തിനാല് ലക്ഷത്തി ഇരുപതിനായിരത്തി അറുനൂറ്റി മുപ്പത്തി ഒന്ന് രൂപ മാത്രം) രൂപയും 5075-60-800-70 എന്ന ശീർഷകത്തിൽനിന്നും അനുവദിക്കുകയുണ്ടായി. പ്രസ്തുത തുക പൂർണ്ണമായും ഈ ആവശ്യത്തിലേക്കായി ചെലവഴിച്ചിട്ടുണ്ട്. MRVC-ക്ക് ആകെ നൽകിയ തുകയിൽ MRVC-യുമായുള്ള കരാർ പ്രകാരമുള്ള രണ്ടാം പാദ Study Tour ഉപേക്ഷിച്ചതിനാൽ 64,12,552.00 രൂപ തിരികെ നൽകുകയും പ്രസ്തുത തുക 5075-60-800-70 എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

## ശിപാർശ

7053-02-190-99 - സിവിൽ ഏവിയേഷനുള്ള വായ്പകൾ - എയർപോർട്ടുകൾ - പൊതുമേഖലയ്ക്കും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ - തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിൽ 18.92 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള എൽ.എ.ആർ. കേസുകളിൽ കോടതിയിൽ കെട്ടി വയ്ക്കുന്നതിനും എൽ.എ. എയർപോർട്ട് ഓഫീസിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ഇനത്തിലുമായി ഈ ശീർഷകത്തിൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, 250 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 128)

## സ്വീകരിച്ച നടപടി

എൽ.എ.ആർ. കേസുകളുമായി ബന്ധപ്പെട്ട് പ്രസ്തുത ശീർഷകത്തിൽ 2014-15 സാമ്പത്തികവർഷത്തിൽ 3,31,78,411 രൂപ അനുവദിച്ചു. എന്നാൽ, 18.92 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പ്രദേശവാസികളുടെ എതിർപ്പുമൂലം സർവ്വേ നടപടികൾ പൂർത്തിയാക്കാനോ തുടർനടപടികൾ സ്വീകരിക്കാനോ സാധിക്കാത്തതിനാൽ അതിനായി അധികതുക 2014-15-ൽ ആവശ്യമായി വന്നില്ല.

## ഭാഗം 3

സമിതിയുടെ 29/06/15-ലെ യോഗം 2014-ലെ കേരളസ്റ്റേറ്റ് പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് (ആർക്കിടെക്ചറൽ വിംഗ്) സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2015-ലെ കെ.എസ്.ആർ.ടി.സി. (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാർക്കുള്ള സാമൂഹ്യ സുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ചട്ടങ്ങൾ എന്നിവ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. കൂടാതെ 16/02/16-ലെ യോഗം 2016-ലെ കേരള സ്റ്റേറ്റ് പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് (ആർക്കിടെക്ചറൽ വിംഗ്) സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ 29/06/15-ലെ യോഗം സമിതിയുടെ സൂക്ഷ്മപരിശോധന കൂടാതെ പുറപ്പെടുവിച്ച കെ.എസ്.ആർ.ടി.സി. (യാത്രക്കാർക്കുള്ള വ്യക്തിപര അപകടസമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാർക്കുള്ള സാമൂഹ്യ സുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ആക്റ്റ്, 2014 പ്രകാരം തയ്യാറാക്കിയ പദ്ധതി പരിഗണിക്കുകയും പ്രസ്തുത നടപടി സമിതി സാധൂകരിക്കുകയും ചെയ്തു.

## ഭാഗം 4

## സഭയുടെ മേശപ്പുറത്തുവച്ച കാലതാമസപത്രികകളും വാർഷിക പ്രവർത്തന റിപ്പോർട്ടുകളും സംബന്ധിച്ച വിവരങ്ങൾ

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം കാലതാമസ പത്രിക സഭയുടെ മേശപ്പുറത്തുവച്ചത് സംബന്ധിച്ച വിവരങ്ങൾ**

| റിപ്പോർട്ട് | ഖണ്ഡിക നമ്പർ | സഭയുടെ മേശപ്പുറത്തുവച്ച തീയതി |
|---|---|---|
| 2013-14 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് | 136,148-154 വരെ, 162, 141-144 വരെ, 163 | 01/12/2015 |
| 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് | 89-92 വരെ, 95-97 വരെ, 102,103,108, 109,120,122, 112,113,114, 121 | 01/12/2015 |
| 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് | 110,117,118, 128,127,111 | 09/02/2016 |
| 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് | 100,105 | 16/02/2016 |

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (6) പ്രകാരം വാർഷികപ്രവർത്തന റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവച്ചത് സംബന്ധിച്ച വിവരങ്ങൾ**

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | സഭയുടെ മേശപ്പുറത്തുവച്ച തീയതി |
|---|---|---|
| 2014-15 | XV- പൊതുമരാമത്ത് | 02/12/2015 |
| | XL- തുറമുഖങ്ങൾ | 17/02/2016 |
| | XLI- ഗതാഗതം | 17/02/2016 |

ജി. സുധാകരൻ,

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,
2016 ആഗസ്റ്റ് 30.

## അനുബന്ധം

## 16-4-2015-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V, 2015 ഏപ്രിൽ മാസം 16-ാം തീയതി വ്യാഴാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗങ്ങളായ ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി ശ്രീ.കെ.ബാബുവും ബഹു.വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഹാജരായിരുന്നു.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. പി. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി,തുറമുഖ വകുപ്പ്.
2. ശ്രീ. മുഹമ്മദ് ഹനീഷ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
3. ശ്രീമതി എം. പി. കല്യാണിക്കുട്ടി, ഡെപ്യൂട്ടി കളക്ടർ (എൽ.എ), മലപ്പുറം & (എൽ.എ) കോഴിക്കോട് എയർപോർട്ട്.
4. ശ്രീ. വി. ജയപ്രകാശ്, ഡെപ്യൂട്ടി കളക്ടർ, (എൽ.എ),തിരുവനന്തപുരം
5. ശ്രീമതി മേരിക്കുഞ്ഞ്, അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്.

6. ശ്രീ. ഷെയ്ക്ക് പരീത്, ഡയറക്ടർ, തുറമുഖ വകുപ്പ്.
7. ശ്രീ. കെ. ബാബു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
8. ശ്രീ. പി. കെ. സതീശൻ, ചീഫ് എൻജിനീയർ, പി.ഡബ്ല്യു.ഡി. (R &B)
9. ശ്രീമതി എം. പെണ്ണമ്മ, ചീഫ് എൻജിനീയർ, പി.ഡബ്ല്യു.ഡി. (Buildings)
10. ശ്രീ. എം. രാജീവ്, ചീഫ് എൻജിനീയർ, ഹാർബർഎൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
11. ശ്രീ. എ. പി. സുരേന്ദ്രലാൽ, ചീഫ് ഹൈഡ്രോഗ്രാഫർ, എച്ച്.എസ്.
12. ശ്രീ. കെ. പി. പ്രഭാകരൻ, ചീഫ് എൻജിനീയർ, പി.ഡബ്ല്യു.ഡി.
13. ശ്രീ. ജെ. രവീന്ദ്രൻ, ചീഫ് എൻജിനീയർ (KSTP), പി.ഡബ്ല്യു.ഡി.
14. ശ്രീ. പി. സി. ഹരികേശ്, സി.ഇ.ഒ., കെ.ആർ.എഫ്.ബി.
15. ശ്രീ. ജി. ചന്ദ്രമൗലി, മാനേജിംഗ് ഡയറക്ടർ, കെ.ഐ.എ.എൽ.
16. ശ്രീ. കെ. സുന്ദരൻ, മാനേജിംഗ് ഡയറക്ടർ, ആർ.ഐ.സി.കെ.
17. ശ്രീ. പി. ആർ. സന്തോഷ് കുമാർ, മാനേജിംഗ് ഡയറക്ടർ, കെ.എസ്.സി.സി.
18. ശ്രീമതി ജെ. എസ്. ലീന, ചീഫ് എൻജിനീയർ (Design).

സമിതി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ XV - പൊതുമരാമത്ത്, XL - തുറമുഖങ്ങൾ, XLI - ഗതാഗതം (വ്യോമയാനം) എന്നീ ധനാഭ്യർത്ഥനകൾക്ക കീഴിൽ വരുന്ന കണക്കിനങ്ങളെ സംബന്ധിച്ച സൂക്ഷ്മ പരിശോധന നടത്തുകയും ചുവടെപ്പറയുന്ന നിരീക്ഷണങ്ങൾ നടത്തുകയും ശിപാർശകൾ നൽകുന്നതിനു തീരുമാനിക്കുകയും ചെയ്തു.

<u>ധനാഭ്യർത്ഥന നമ്പർ XV-പൊതുമരാമത്ത്</u>

1. 2059-01-051 - <u>പൊതുമരാമത്ത്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം.</u>

കേരള നിയമസഭ ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ വരുന്ന ഈ ശീർഷകത്തിൽ കഴിഞ്ഞ വർഷം 1.57 കോടി രൂപ വകയിരുത്തിയെങ്കിലും 54 ലക്ഷം രൂപ മാത്രമേ ചെലവായിട്ടുള്ളുവെന്നും ഒരു വർഷവും നാലു മാസവുമായി ചെയ്ത പണികളുടെ കുടിശ്ശിക ബില്ല് നൽകാത്തതിനാലാണ് ചെലവ് കാണിക്കാൻ

കഴിയാത്തതെന്നും കഴിഞ്ഞ വർഷത്തെ ചെലവ് അടിസ്ഥാനമാക്കി ഈ വർഷം അനുവദിക്കുന്ന തുക പരിമിതപ്പെടുത്തിയാൽ കഴിഞ്ഞ വർഷത്തെ പണികളുടെ ബില്ലുകൾ കൊടുക്കാൻ സാധിക്കുകയില്ലായെന്നും ചീഫ് എഞ്ചിനീയർ സമിതിയെ ബോദ്ധ്യപ്പെടുത്തി.

കേരള നിയമസഭ, നീതിന്യായനിർവ്വഹണം, ഇലക്ഷൻ, ഭൂനികുതി, രജിസ്ട്രേഷൻ, വില്പനനികുതി, പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ഓഫീസ് കെട്ടിടങ്ങളുടെ ചെറുകിട മരാമത്ത് പണികൾക്കും ഇൻവെസ്റ്റിഗേഷൻ വർക്കുകൾക്കുമുള്ള തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## 2. 2059-01-053 - <u>പൊതുമരാമത്ത് - ഓഫീസ് കെട്ടിടങ്ങൾ - സംരക്ഷണവും അറ്റകുറ്റപണികളും.</u>

വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും സെക്രട്ടേറിയറ്റിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുകയും ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

## 3. 2059-60-051- <u>പൊതുമരാമത്ത് - മറ്റ് കെട്ടിടങ്ങൾ - നിർമ്മാണം.</u>

വി.ഐ.പി സന്ദർശനവും ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട ജോലികൾക്കും വേണ്ടി വരുന്ന തുകയും നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വില്പന നികുതി തുടങ്ങിയ വകുപ്പുകളുടെ മറ്റ്

കെട്ടിടങ്ങൾക്കുള്ള നിർമ്മാണത്തിനും ന്യൂഡൽഹിയിലെ കേരളാഹൗസിന്റെ പണികൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ, 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4. 2059-60-053 - <u>പൊതുമരാമത്ത് - മറ്റ് കെട്ടിടങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും.</u>

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വില്പന നികുതി,ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5. 2059-80-001-99 (01) - <u>പൊതുമരാമത്ത്-ജനറൽ - ഭരണവും നടത്തിപ്പും-നടത്തിപ്പ്- (ചീഫ് എഞ്ചിനീയർ കെട്ടിടങ്ങളും ലോക്കൽ പണികളും)</u>

കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെയും ജീവനക്കാരുടെയും ശമ്പളം തുടങ്ങിയവയ്ക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ ടൂർ റ്റി.എ യ്ക്ക് 2,00,000/- രൂപയും ഓഫീസ് ചെലവുകളിൽ മറ്റിനത്തിൽ 1,50,000/- രൂപയും മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് 1,00,000/- രൂപയും മറ്റിനങ്ങളിൽ 1 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും ഇനത്തിൽ 10 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യാർത്ഥന വഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6. 2059-80-001-98 - <u>പൊതുമരാമത്ത്-ജനറൽ -ഭരണവും നടത്തിപ്പും-മേൽനോട്ടം.</u>

കെട്ടിട വിഭാഗത്തിലെ ജുഡീഷ്യൽ സർക്കിൾ എറണാകുളം ഉൾപ്പെടെ നാല് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും അനുബന്ധ ജീവനക്കാരുടെയും ശമ്പളം ഈ

ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. ടൂർ റ്റി.എ, പി.ഒ.എൽ. മറ്റ് ഇനങ്ങൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നിവയിൽ അനുവദിച്ച തുക പര്യാപ്തമല്ലായെന്ന് മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

7. 2059-80-053 - പൊതുമരാമത്ത് - ജനറൽ - സംരക്ഷണവും അറ്റകുറ്റപണികളും.

കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, വൈദ്യുതി സാമഗ്രികളുടെ സംരക്ഷണം, രാജ്ഭവൻ സജ്ജീകരിക്കലും സംരക്ഷണവും, തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണം, ന്യൂഡൽഹിയിലെ കേരളാഹൗസിന്റെ പണികൾ എന്നിവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

8. 3054-01-001-99 - റോഡുകളും പാലങ്ങളും - നാഷണൽ ഹൈവേയ്സ് - ഭരണവും നടത്തിപ്പും - ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ.

ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ ഓഫീസിലെ വേതനം, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയ എല്ലാ ചെലവുകളും ഈ ശീർഷകത്തിൽ നിന്നാണ് നിർവ്വഹിക്കുന്നതെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ ഈ ശീർഷകത്തിൽ യാത്രാബത്ത ഇനത്തിൽ 5 ലക്ഷം രൂപയും വേതനം, ഓഫീസ് ചെലവുകൾ എന്നിവയിൽ 11 ലക്ഷം രൂപയും മെഡിക്കൽ റീ ഇംബേഴ്സ്മെന്റിൽ 4 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

9. 3054-01-001-98 - റോഡുകളും പാലങ്ങളും- നാഷണൽ ഹൈവേ- ഭരണവും നടത്തിപ്പും - മേൽനോട്ടവും നിർവ്വഹണവും

ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേയുടെ കീഴിലുള്ള സർക്കിൾ ഓഫീസുകൾ, ഡിവിഷണൽ ഓഫീസുകൾ എന്നിവയിലെ ശമ്പളം, ഓഫീസ് ചെലവുകൾ തുടങ്ങിയവ ഈ ശീർഷകത്തിൽ നിന്നാണ് നിർവ്വഹിക്കുന്നതെന്നും നിലവിൽ വകയിരുത്തിയ തുക പര്യാപ്തമല്ലായെന്നും സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ വാടകക്കരം ഇനത്തിൽ 10 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും ഇനത്തിൽ 4.50 ലക്ഷം രൂപയും ഇലക്ട്രിസിറ്റി ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, വെള്ളക്കരം എന്നിവയ്ക്ക് 25 ലക്ഷം രൂപയും, പി.ഒ.എൽ-ൽ 25 ലക്ഷം രൂപയും, മെഡിക്കൽ റീ ഇംബേഴ്സ്മെന്റിൽ 6.50 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

10. 3054-01-337-99 - റോഡുകളും പാലങ്ങളും- നാഷണൽ ഹൈവേകൾ - റോഡു പണികൾ- സംസ്ഥാനത്തിനകത്തുള്ള ദേശീയപാതയിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ.

ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലായെന്നും കടിശ്ശിക ബില്ലുകൾ കൊടുത്തുതീർക്കുവാനുണ്ടെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

11. 3054-01-800-99 - റോഡുകളും പാലങ്ങളും- നാഷണൽ ഹൈവേകൾ - മറ്റു ചെലവുകൾ - മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേയുടെ സംരക്ഷണം

പ്രസ്തുത ശീർഷകത്തിൽ നിന്നും നിലവിൽ 100 ലക്ഷം രൂപയുടെ ബിൽ തുക കൊടുക്കാനുണ്ടെന്നും ധാരാളം അപകടങ്ങൾ മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന ഹൈവേകളിൽ ഉണ്ടാകുന്നതിനാൽ കൂടുതൽ പണികൾ ഈ ഭാഗത്ത് ആവശ്യമായി

വരുന്നുവെന്നും സമിതി മനസ്സിലാക്കുകയും ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

12. 3054-03-103-98 - റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - സംരക്ഷണവും അറ്റകുറ്റപണികളും - സംസ്ഥാന ഹൈവേകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും (13-ാം ധനകാര്യകമ്മീഷൻ ശിപാർശ).

സംസ്ഥാന ഹൈവേകളുടെ സംരക്ഷണവും അറ്റകുറ്റപണികളും എന്നത് 13-ാം ധനകാര്യ കമ്മീഷന്റെ ശിപാർശയാണെന്നും ഈ വർഷം പതിനാലാം ധനകാര്യ കമ്മീഷൻ നിലവിൽ വരുന്നതിനാൽ 13-ാം ധനകാര്യ കമ്മീഷന്റെ കടിശ്ശിക ബില്ലുകൾ നൽകേണ്ടതുണ്ടെന്നും ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. കൂടാതെ 14-ാം ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ട് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കാര്യത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായുള്ള നിർദ്ദേശങ്ങളുണ്ടെങ്കിൽ പ്ലാനിംഗ് ബോർഡിൽ ഏപ്രിൽ 24-ാം തീയതി ഇന്റേണലായി കൂടുന്ന യോഗത്തിൽ ചർച്ച ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണെന്ന് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. തുടർന്ന് കേന്ദ്രാവിഷ്കൃത പദ്ധതിയിലുള്ള പണികൾക്ക് ബിൽ മാറുന്നതിനുള്ള മുൻഗണന പഴയ രീതിയിൽ തുടരുന്നതാണ് ഉചിതമെന്ന് സമിതി അഭിപ്രായപ്പെട്ടു. 13-ാം ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ട ബില്ലുകളും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ബില്ലുകളും മാറുന്നതിന് മുൻകാലങ്ങളിൽ അനുവർത്തിച്ച രീതി തന്നെ തുടരുന്നതാണെന്ന് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഗ്രാന്റ് ചെലവിടേണ്ടതിനാലും പൂർത്തിയായ പ്രവൃത്തികൾക്ക് ബില്ലുകൾ മാറി നൽകുന്നതിനു വേണ്ടിയും ഈ ശീർഷകത്തിൽ 36.66 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

13. 3054-03-337-99 - റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - സാധാരണ അറ്റകുറ്റ പണികൾ.

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനും അധിക തുക ആവശ്യമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെടുകയും ഈ ശീർഷകത്തിൽ 265 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

14. 3054-03-337-98 - റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - ഗതാഗത സൗകര്യങ്ങളുടെ പുതുക്കലുകൾ.

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് ആവശ്യമായ തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനും 20% റോഡുകളുടെ ഉപരിതലം പുതുക്കൽ ജോലികൾ ഏറ്റെടുക്കാനുമായി ഇപ്പോൾ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ 500 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

15. 3054-03-337-97- റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ- റോഡുപണികൾ - ഗതാഗത സൗകര്യങ്ങളുടെ സ്പെഷ്യൽ അറ്റകുറ്റപ്പണികൾ

റോഡുകളുടെ പ്രത്യേക അറ്റകുറ്റ പണികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

16. 3054-03-337-96 - റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾ.

പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള റോഡുകളിലെ വെള്ളപ്പൊക്കക്കെടുതികളുടെ അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 300 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

17. 3054-03-337-95 - റോഡുകളും പാലങ്ങളും -സംസ്ഥാന ഹൈവേകൾ - റോഡു പണികൾ - വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്ക്/ സ്വാതന്ത്ര്യ ദിനാചരണം എന്നിവ സംബന്ധിച്ച പണികൾ.

വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്ക്/സ്വാതന്ത്ര്യ ദിനാചരണം എന്നിവ സംബന്ധിച്ച പണികൾ എന്നിവയ്ക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

18. 3054-03-337-94 - റോഡുകളും പാലങ്ങളും -സംസ്ഥാന ഹൈവേകൾ- റോഡുപണികൾ - നഗരത്തിനുള്ളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക്.

തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കൊല്ലം എന്നീ നഗരങ്ങളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 15.71 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

19. 3054-03-337-93 - റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - ശബരിമല വർക്കുകൾ.

ശബരിമലയിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ കൂടി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

20. 3054-04-105-98 - റോഡുകളും പാലങ്ങളും -ജില്ലാതല റോഡുകളും മറ്റു റോഡുകളും സംരക്ഷണവും അറ്റകുറ്റപ്പണികളും - സംരക്ഷണവും അറ്റകുറ്റപ്പണികളും (13-ാം ധനകാര്യകമ്മീഷൻ ശിപാർശ)

പ്രധാന ജില്ലാതല റോഡുകളുടെ അറ്റകുറ്റ പണികൾക്കു വേണ്ടി 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഗ്രാന്റ് ചെലവിടുവാനുള്ള പ്രസ്തുത ശീർഷകത്തിൽ തുക ഒന്നും തന്നെ വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 48.36 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

21. 3054-80-001-99 - റോഡുകളും പാലങ്ങളും- ജനറൽ -ഭരണവും നടത്തിപ്പും- നടത്തിപ്പ്.

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ ജീവനക്കാരുടെയും, കെഎസ്ടിപി ഓഫീസിലെ ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികൾക്ക് 1,00,000 രൂപയും, പിഒഎൽ ഇനത്തിൽ 25,000 രൂപയും അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

22. 3054-80-001-98 – <u>റോഡുകളും -പാലങ്ങളും- ജനറൽ - ഭരണവും നടത്തിപ്പും - മേൽനോട്ടം.</u>

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സർക്കിൾ ഓഫീസുകളിലെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നതിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റ പണികൾക്ക് 1,00,000 രൂപയും, പിഒഎൽ ഇനത്തിൽ 50,000 രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

23. 3054-80-001-97- <u>റോഡുകളും പാലങ്ങളും-ജനറൽ-ഭരണവും നടത്തിപ്പും - നിർവ്വഹണം.</u>

റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയറുടെയും, സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും കീഴിലുള്ള 16 ഡിവിഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും, തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള 2 മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും, 6 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. കൂടാതെ കെഎസ്ടിപി ഡിവിഷൻ ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും ഈ ശീർഷകത്തിലാണ് വഹിക്കുന്നതെന്നും ബോദ്ധ്യപ്പെട്ടതിനാൽ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് 10,00,000 രൂപയും, വൈദ്യുതി ചെലവിന് 15,00,000 രൂപയും, ടെലിഫോൺ ചെലവിന് 10,00,000 രൂപയും, മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റ പണികൾക്ക് 10,00,000 രൂപയും, പിഒഎൽ ഇനത്തിൽ 10,00,000 രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

24. 3054-80-004-99 - റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ കീഴിൽ ഹൈവേകളുടെ ഗവേഷണത്തിനും പരിഷ്കരണത്തിനും വേണ്ടിയുള്ള കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളവും ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. ഇതിൽ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് 25,000 രൂപയും, വൈദ്യുതി ചെലവിന് 50,000 രൂപയും, ടെലഫോൺ ചെലവിന് 25,000 രൂപയും, പി.ഒ.എൽ ഇനത്തിന് 50,000 രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

25. 3054-80-004-98 - റോഡുകളും പാലങ്ങളും - ജനറൽ -ഗവേഷണവും പരിഷ്കരണവും - പബ്ലിക്ക് വർക്ക് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആൻഡ് റിസർച്ച് ബോർഡ്

ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും അലവൻസും നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ മോട്ടോർ വാഹനങ്ങൾക്ക് 40,000 രൂപയും, പി ഒ എൽ ഇനത്തിൽ 40,000 രൂപയും, ഓഫീസ് ചെലവിന് 1 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

26. 3054-80-107-97 - റോഡുകളും പാലങ്ങളും - ജനറൽ -റെയിൽവേ സുരക്ഷിതത്വ പണികൾ - കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തൽ.

കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിന് നൽകേണ്ട കുടിശ്ശിക തുക ഏകദേശം 5 കോടി രൂപയാണ്. നടപ്പുവർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതിക്ക്

ബോദ്ധ്യപ്പെട്ടതിനാൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

27. 3054-80-800-95 - <u>റോഡുകളും പാലങ്ങളും - ജനറൽ -മറ്റ് ചെലവുകൾ-റോഡ് സുരക്ഷിതത്വ പണികൾ.</u>

റോഡ് സുരക്ഷിതത്വത്തിന്റെ ഭാഗമായി നടപ്പാതകൾ, ട്രാഫിക് ഐലന്റുകൾ, പാർശ്വ ചാലുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിന് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6.48 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

28. 3054-80-800-92 - <u>റോഡുകളും പാലങ്ങളും -ജനറൽ-മറ്റ് ചെലവുകൾ-കേരള റോഡ് ഫണ്ട്.</u>

കേരള റോഡ് ഫണ്ട് ബോർഡ് ആക്ട് പ്രകാരം മുന്നാണ്ടത്തെ സംസ്ഥാന മോട്ടോർ നികുതി വരവിന്റെ 10%ന് തുല്യമായ തുക ഓരോ വർഷവും കേരള റോഡ് ഫണ്ടിലേക്ക് സർക്കാർ സംഭാവന ഇനത്തിൽ നിക്ഷേപിക്കേണ്ടതാണ്. ഈയിനത്തിൽ നിലവിലുള്ള കടിശ്ശിക തുക 461.77 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

29. 4059-01-051-99 - <u>പൊതുമരാമത്ത് മൂലധനചെലവ് -ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - സംസ്ഥാന നിയമസഭ</u>

കേരള നിയമസഭയുടെ നവീകരണ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

30. 4059-01-051-96-16 - പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - ഭൂനികുതി - വൻകിട മരാമത്തു പണികൾ

ഭൂനികുതി വകപ്പിലെ പണികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. 4059-01-051-94-16 - പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - സ്റ്റേറ്റ് എക്സൈസ് -വൻകിട മരാമത്തു പണികൾ

എറണാകുളം എക്സൈസ് കോംപ്ലക്സ്, കൊട്ടാരക്കര എക്സൈസ് ഓഫീസ് കെട്ടിടം, കഴക്കൂട്ടം, നീലേശ്വരം ഓഫീസുകൾ ഉൾപ്പെടെയുള്ള പല മേജർ പണികളും പൂർത്തിയാക്കേണ്ടതുള്ളതിനാലും തൃശ്ശൂർ അക്കാഡമിയുടെ പണി പുരോഗമിക്കുന്നതിനാലും ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

എക്സൈസ് വകുപ്പിന്റെ കെട്ടിടപണികൾക്ക് അനുമതി കിട്ടുന്നില്ലായെന്ന് സമിതി വിലയിരുത്തിയതിന്, ഇത് പൊതുമരാമത്തിന്റെ ശീർഷകമാണെന്നും അതിൽ കെട്ടിടങ്ങൾ വരുന്ന എക്സൈസിന്റെ ഓരോ സബ്ഹെഡിനും ബഡ്ജറ്റിൽ വകയിരുത്തുന്ന തുക കൂട്ടിയാൽ മതിയെന്നും എല്ലാ ചെലവും ഒരു ശീർഷകത്തിൽ നൽകുന്നത് കൊണ്ടാണ് പ്രശ്നമുണ്ടാകുന്നതെന്നും ശീർഷക അടിസ്ഥാനത്തിൽ പേയ്മെന്റാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ സമിതിയെ ബോദ്ധ്യപ്പെടുത്തി.

32. 4059-01-051-93-16 - പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - വിൽപ്പന നികുതി - വൻകിട മരാമത്തു പണികൾ

കണ്ണൂർ, മഞ്ചേശ്വരം, കോട്ടയം എന്നിവിടങ്ങളിൽ വാണിജ്യനികുതി വകപ്പിന്റെ പുതിയ കെട്ടിടങ്ങളുടെ പണി ഏറ്റെടുക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 1.50 കോടി

രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. 4059-01-051-92-16 - പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം -പബ്ലിക് സർവ്വീസ് കമ്മീഷൻ- വൻകിട മരാമത്തു പണികൾ

പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ പണികൾക്കായി ഈ ശീർഷകത്തിൽ ഇപ്പോൾ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഗോൾഡൻ ജൂബിലി കെട്ടിടത്തിന്റെ പണി പുരോഗതിയിലായതിനാലും കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്ന പണികൾ ഏറ്റെടുക്കേണ്ടതിനാലും ഈ ശീർഷകത്തിൽ 3.2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

34. 4059-01-051-91-16 - പൊതുമരാമത്ത് മൂലധനചെലവ് -ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - സെക്രട്ടേറിയറ്റ് ജനറൽ സർവ്വീസ് - വൻകിട മരാമത്തുപണികൾ

സെക്രട്ടേറിയറ്റിലെ പുതിയ അനക്സ് കെട്ടിടത്തിന്റെ ജോലികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

35. 4059-01-051-90-16 - പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം -ട്രഷറിയും അക്കൗണ്ട് ഭരണവും - വൻകിട മരാമത്ത് പണികൾ .

ട്രഷറികളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

36. 4059-01-051-89-16 - പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - പോലീസ് - വൻകിട മരാമത്തു പണികൾ.

ജില്ലാ പോലീസ് ഓഫീസുകളുടെയും മറ്റും പണികൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. 25 ലക്ഷം രൂപ മതിപ്പുചെലവിൽ തലയോലപ്പറമ്പ് സ്റ്റേഷന്റെ പണിക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും പല ഓഫീസുകളുടെയും പണി ചെയ്യാനുള്ളതിനാലും ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

37. 4059-01-051-88-16 - പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - ജയിൽ - വൻകിടമരാമത്തുപണികൾ.

ജയിൽ ഡി.ജി.പി., ഐ.ജി, ഡി.ഐ.ജി. എന്നീ ഓഫീസുകളുടെ നിർമ്മാണത്തിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം അനുവദിച്ച 6 ലക്ഷം രൂപ അപര്യാപ്തമാണ്. പ്രസ്തുത ഓഫീസുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പല പണികളും ചെയ്യാനുള്ളതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

38. 4059-01-051-86-16 - പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - പൊതുമരാമത്ത് പണികൾ (സിവിൽ ജോലികൾ) - വൻകിട മരാമത്ത് പണികൾ.

സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയ മേജർ പണികൾക്കുള്ള അടങ്കലാണിത്. 55 പണികൾക്കായി 160.60 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും പല പണികളും പുരോഗതിയിലായതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ

50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

39. 4059-01-051-71-16 - <u>പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - മാന്ദ്യ വിരുദ്ധ ഉത്തേജക പാക്കേജിന്റെ കീഴിലുള്ള പദ്ധതികൾ - പൊതുമരാമത്ത് പണികൾ (കെട്ടിടങ്ങൾ) - വൻകിട മരാമത്തു പണികൾ.</u>

മാന്ദ്യ വിരുദ്ധ പാക്കേജിലെ പണികൾ വളരെ പുരോഗതിയിലാണെന്നും ഇതിൽ എല്ലാ വകുപ്പുകളിലേയും കെട്ടിട നിർമ്മാണങ്ങൾ ഉൾപ്പെടുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 45 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

40. 4059-60-051-99-16 - <u>പൊതുമരാമത്ത് മൂലധനചെലവ് - മറ്റ് കെട്ടിടങ്ങൾ - നിർമ്മാണം - സംസ്ഥാന നിയമസഭ - വൻകിട മരാമത്തുപണികൾ</u>

സംസ്ഥാന നിയമസഭയിലെ പണികൾക്കായി അനുവദിച്ച ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. നിയമസഭാ ഹാളിനകത്തെ ശബ്ദനിയന്ത്രണ സംവിധാനത്തിന്റേത് ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ ചെലവ് വഹിക്കേണ്ട ശീർഷകമെന്ന നിലയിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

41. 4059-60-051-88-16 - <u>പൊതുമരാമത്ത് മൂലധനചെലവ് - മറ്റ് കെട്ടിടങ്ങൾ - നിർമ്മാണം - ജയിൽ - വൻകിട മരാമത്തുപണികൾ</u>

ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ തുക ഒന്നും തന്നെ വകയിരുത്തിയിട്ടില്ല. ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുവാനും കുടിശ്ശിക

ബില്ലുകൾ നൽകാനുമായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

42. 4059-60-051-86-16 - <u>പൊതുമരാമത്ത് മൂലധനചെലവ് - മറ്റ് കെട്ടിടങ്ങൾ - നിർമ്മാണം - പൊതുമരാമത്ത് പണികൾ (സിവിൽ പണികൾ) - വൻകിട മരാമത്തുപണികൾ.</u>

സംസ്ഥാനത്ത് വിവിധ റസ്റ്റ് ഹൗസുകളുടേയും മറ്റുകെട്ടിടങ്ങളുടേയും പണികൾക്ക് നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ നടന്നു കൊണ്ടിരിക്കുന്ന പണികൾക്കും ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുവാനും കുടിശ്ശിക ബില്ലുകൾ നൽകാനുമായി 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

43. 4059-60-051-85-16 - <u>പൊതുമരാമത്ത് മൂലധനചെലവ് - മറ്റ് കെട്ടിടങ്ങൾ- നിർമ്മാണം - അഗ്നിപ്രതിരോധവും നിയന്ത്രണവും - വൻകിട മരാമത്ത് പണികൾ</u>

ഫയർ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 7 കോടി രൂപ വകയിരുത്തി യിട്ടുണ്ടെങ്കിലും പ്രസ്തുത തുക പര്യാപ്തമല്ലായെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ട. നടപ്പുപണികൾക്കും പുതിയ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

44. 4059-60-051-77-16 - <u>പൊതുമരാമത്ത് മൂലധനചെലവ് - മറ്റ് കെട്ടിടങ്ങൾ - നിർമ്മാണം - നിയമസഭാ ഹോസ്റ്റൽ കോമ്പൗണ്ടിൽ നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ളാറ്റ് നിർമ്മാണം - വൻകിട മരാമത്ത് പണികൾ.</u>

നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണം സമയബന്ധിതമായി

പൂർത്തിയാക്കേണ്ടതിനാൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

45. 4059-60-051-73- പൊതുമരാമത്ത് മൂലധനചെലവ് - മറ്റ് കെട്ടിടങ്ങളുടെ നിർമ്മാണം - കോടതി കെട്ടിടങ്ങൾ, ജഡ്ജിമാരുടെ വാസസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണം (75% സി.എസ്.എസ്).

75% കേന്ദ്ര സഹായത്തിനുള്ള ഈ പുതിയ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. വിവിധ കോടതികളുടെ പണികൾ പുരോഗമിക്കുന്നതിനാൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

46. 4059-60-051-70 - പൊതുമരാമത്ത് മൂലധനചെലവ് - മറ്റ് കെട്ടിടങ്ങളുടെ നിർമ്മാണം - കേരളഹൗസ് ന്യൂഡൽഹി - ട്രാവൻകൂർ ഹൗസ് കോമ്പൗണ്ടിലും കപൂർത്തല പ്ലോട്ടിലും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം

ട്രാവൻകൂർ ഹൗസ് കോമ്പൗണ്ടിലും കപൂർത്തല പ്ലോട്ടിലും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

47. 4059-80-051-79 - പൊതുമരാമത്ത് മൂലധനചെലവ് - ജനറൽ - നിർമ്മാണം - ജെൻഡർ ബഡ്ജറ്റിംഗിന് തുടക്കം.

ഭരണാനുമതി കൊടുത്ത പണികൾ ചെയ്തു തീർക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

48. 4059-80-051-78 - പൊതുമരാമത്ത് മൂലധനചെലവ് - ജനറൽ - നിർമ്മാണം - സൈനിക സ്കൂൾ

സൈനിക സ്കൂളിനായി പുതുതായി തുടങ്ങിയ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഭരണാനുമതി കിട്ടിയ പണികൾ തുടങ്ങുന്നതിനായി 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

49. 5054-01-337-99 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - നാഷണൽ ഹൈവേകൾ - റോഡു പണികൾ-നാഷണൽ ഹൈവേ കടന്നു പോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈലൈനുകൾ നിർമ്മിക്കുന്നതിന്

നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടേയും സേവന റോഡുകളുടേയും നിർമ്മാണത്തിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. കുറ്റിപ്പുറം-പുതുപൊന്നാനി റോഡ് താഴെ ചൊവ്വാഭാഗത്തെ വീതികൂട്ടൽ തുടങ്ങിയവയുടെ പണികൾ പുരോഗതിയിലായതിനാൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

50. 5054-01-337-98-16- റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - നാഷണൽ ഹൈവേകൾ - റോഡു പണികൾ - ദേശീയ പാതയെ നഗരങ്ങളുമായി ബന്ധിക്കുന്ന ഭാഗത്തിന്റെ വികസനം - വൻകിടമരാമത്തു പണികൾ.

നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടെയും സേവനറോഡുകളുടേയും നിർമ്മാണത്തിനുമായി തുക വകയിരുത്തുന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന

പ്രദേശങ്ങളിൽ അപകടങ്ങൾ കൂടുതൽ ഉണ്ടാകുന്നതിനാൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ അനിവാര്യമായതിനാലും കരമന-കളിയിക്കാവിള ദേശീയ പാതയുടെ ഒന്നാംഘട്ടം കരമന- പ്രാവച്ചമ്പലം റോഡ് വികസനത്തിന് 74 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും ഈ ശീർഷകത്തിൽ 80 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

51. 5054-01-337-96 - <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - നാഷണൽ ഹൈവേകൾ - റോഡു പണികൾ - ദേശീയ പാതയിലെ ബൈപ്പാസുകളുടെ നിർമ്മാണം.</u>

നാഷണൽ ഹൈവേയിലെ ബൈപ്പാസുകളുടെ നിർമ്മാണം, കോഴിക്കോട് ബൈപ്പാസിന്റെ ബാക്കി ഭാഗം, തലശ്ശേരി -മാഹി ബൈപ്പാസ്സ് തുടങ്ങിയവയ്ക്ക് തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തി. നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 200 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

52. 5054-01-337-95 - <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - നാഷണൽ ഹൈവേകൾ - റോഡു പണികൾ - കൊല്ലം-ആലപ്പുഴ - ബൈപ്പാസ് (കേന്ദ്ര സർക്കാരുമായി ചെലവ് പങ്കിടൽ)</u>

കൊല്ലം-ആലപ്പുഴ ദേശീയപാത ബൈപ്പാസ് പ്രവൃത്തി പുരോഗമിക്കുന്നുവെന്നും സംസ്ഥാന വിഹിതം നൽകേണ്ടതുണ്ടെന്നും സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 500 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

53. 5054-01-800-97 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - നാഷണൽ ഹൈവേകൾ - മറ്റ് ചെലവുകൾ - ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിഹിതം

വിവിധ സ്ഥലങ്ങളിലെ റോഡുപണികൾക്കായി സ്ഥലം ഏറ്റെടുത്ത വകയിൽ (എൽ.എ.ആർ. കേസ്സ്) തുക നൽകാനുള്ളതിനാൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 18.42 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

54. 5054-03-101-99-16 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - സംസ്ഥാന പാതകൾ - പാലങ്ങൾ - പാലങ്ങളും കലുങ്കുകളും - വൻകിടമരാമത്ത് പണികൾ.

സംസ്ഥാന പാതകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത തുക 20 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

55. 5054-03– 101-98-16 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - സംസ്ഥാന പാതകൾ -പാലങ്ങൾ -നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി - വൻകിട മരാമത്ത് പണികൾ

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പണികളുടെ പൂർത്തീകരണത്തിനും പുതിയ ജോലികൾക്കുമായി ഈ ശീർഷകത്തിൽ 23 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

56. 5054-03-337-98-16- റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - സംസ്ഥാന പാതകൾ - റോഡുപണികൾ -വികസനവും പരിഷ്കരണവും - വൻകിട മരാമത്ത് പണികൾ.

സംസ്ഥാന പാതകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം മുതലായ ജോലികൾക്കു തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. നിലവിലുള്ള സംസ്ഥാന പാതയുടെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുവാനുമായി 79.41 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

57. 5054-03-337-97- റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - സംസ്ഥാന പാതകൾ - റോഡുപണികൾ - കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (ലോകബാങ്ക് സഹായിക്കുന്നത്)

കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ റോഡ് പണികൾക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. പ്രധാന ജോലികൾ പൂർത്തിയാക്കാനും മറ്റ് അനുബന്ധ ജോലികൾക്കുമായി 273.43 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

58. 5054-03-337-95 - റോഡുകളുംപാലങ്ങളും സംബന്ധിച്ച മൂലധനചെലവ്- സംസ്ഥാനപാതകൾ -റോഡുപണികൾ - ഹൈവേകളുടെ റോളിംഗ് ഹെവി മെയിന്റനൻസ്

സംസ്ഥാന പാതകളുടെയും പ്രധാന ജില്ലാ റോഡുകളുടേയും ഉപരിതല പുനരുദ്ധാരണത്തിന് അധികതുക വേണ്ടി വരുമെന്നതിനാൽ ഇപ്പോൾ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 27.53 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

59. 5054-04-101-99-16 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലംപണികൾ - പ്രധാന ജില്ലാതല റോഡുകൾ - പാലങ്ങളും കലുങ്കുകളും വൻകിടമരാമത്തു പണികൾ

പ്രധാന ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കായി 150 കോടി രൂപയാണ് ആവശ്യപ്പെട്ടതെങ്കിലും 12.36 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമാണ്. 2014-15 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2015-16 വർഷം പുതിയ ഭരണാനുമതി നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 137.64 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

60. 5054-04-101-98-16 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും -പാലംപണികൾ - മറ്റു ജില്ലാതല റോഡുകൾ-പാലങ്ങളും കലുങ്കുകളും - വൻകിട മരാമത്ത് പണികൾ

മറ്റു ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയം നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കായി ഈ ശീർഷകത്തിൽ നടപ്പ് വർഷം തുക വകയിരുത്തിയിട്ടില്ലായെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

61. 5054-04-101-96-16 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - പാലങ്ങളുടെ നിർമ്മാണവും വികസനവും - നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ - വൻകിട മരാമത്ത് പണികൾ

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് നിർമ്മിക്കുന്ന പാലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. RIDF XV മുതൽ XX വരെയുള്ള പ്രവൃത്തികൾക്കും പുതിയ പദ്ധതികൾക്കുമായി ഈ ശീർഷകത്തിൽ 86.57 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

62. 5054-04-101-86 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും -പാലം പണികൾ - മാന്ദ്യ വിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ - പൊതുമരാമത്ത് പണികൾ (പാലങ്ങൾ)

പാലങ്ങളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. കുടിശ്ശിക ബില്ലുകൾ കൊടുത്ത് തീർക്കുവാനും നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്ലാനിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

63. 5054-04-337-99-16- റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - പ്രധാന ജില്ലാതല റോഡുകൾ - വികസനവും പരിഷ്കരണവും - വൻകിട മരാമത്ത് പണികൾ.

പ്രധാന ജില്ലാതല റോഡുകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം

എന്നിവയ്ക്കായി 300 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 61.78 കോടി രൂപയാണ് അനുവദിച്ചത്. 2014-15 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2015-16 വർഷം പുതിയ ഭരണാനുമതി നൽകാനുമായി ബാക്കി 238.22 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

64. 5054-04-337-98- റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - മറ്റു ജില്ലാതല റോഡുകൾ- പുതിയ പണികൾ.

നടപ്പു സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

65. 5054-04-337-97 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - മറ്റു ജില്ലാതല റോഡുകൾ- വികസനവും പരിഷ്കരണവും

നടപ്പുസാമ്പത്തിക വർഷത്തേക്ക് തുകയൊന്നും ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടില്ല. ആയതിനാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

66. 5054-04-337-94-16 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - റോഡുകളുടെ നിർമ്മാണവും വികസനവും നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ - വൻകിട മരാമത്ത് പണികൾ.

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് നിർമ്മിക്കുന്ന പാലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. RIDF XV മുതൽ XX വരെയുള്ള പണികളുടെ പൂർത്തീകരണത്തിനും പുതിയ പദ്ധതി നടത്തിപ്പിനും വേണ്ടി 232.11 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

67. 5054-04-337-93 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - തീരദേശ ഹൈവേ

വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ മുതൽ കോഴിക്കോട് വരെയുള്ള (പൊന്നാനി) തീരദേശ ഇടനാഴി വികസിപ്പിക്കുന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക പര്യാപ്തമല്ല. കൂടാതെ താനൂർ, പരപ്പനങ്ങാടി മുതലായ ഭാഗങ്ങളിലെ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ പുരോഗതിയിലാണ് എന്നും സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 7 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

68. 5054-04-337-92 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - മലയോര ഹൈവേ.

മലയോര ഹൈവേയുടെ നിർമ്മാണത്തിനായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. 2014-15 വർഷം ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കാനായി 5.94 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

69. 5054-04-337-91-16 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡ് പരിഷ്കരണം - വൻകിട മരാമത്തു പണികൾ

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പ്രധാന നഗരങ്ങളിലെ റോഡു നിർമ്മാണം പരിഷ്കരണം എന്നീ ജോലികൾക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമാണ്. ഭരണാനുമതി ലഭിച്ച പണികൾക്കും പുതിയ ഭരണാനുമതി നൽകാനുമായി ഈ ശീർഷകത്തിൽ 1.71 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

70. 5054-04-337-89-16 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - ശബരിമല റോഡ് പ്രോജക്ട് -വൻകിട മരാമത്തു പണികൾ

ശബരിമലയുടെ സമഗ്രവികസനത്തിനുവേണ്ടിയുള്ള റോഡ് വികസന പണികൾക്കായി 50 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 8.24 കോടി രൂപ മാത്രമാണ് വകയിരുത്തിയത്. ആയതിനാൽ ബാക്കി തുകയായ 41.76 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

71. 5054-04-337-83 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും -പാതകളുടെപണികൾ- മാന്ദ്യവിരുദ്ധ ഉത്തേജകപാക്കേജിൻ കീഴിലുള്ള പദ്ധതികൾ- പൊതുമരാമത്ത് പണികൾ (പാതകൾ)

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ 1000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 30 കോടി രൂപ പ്ലാൻ ഇനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

72. 5054-04-337-82 - <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ - ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണയുള്ള അറ്റകുറ്റപ്പണികൾ</u>

ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണയായുള്ള അറ്റകുറ്റപണികൾക്കു വേണ്ടി ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

73. 5054-05-101-99 - <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - സംസ്ഥാനാന്തരമായോ, സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ - പാലങ്ങൾ - സി.ആർ.എഫ്.പാലങ്ങൾ (സാധാരണവിഹിതം)</u>

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

74. 5054-05-337-99 (01) - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് സംസ്ഥാനാന്തരമായോ സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ - റോഡു പണികൾ - പ്രധാന സംസ്ഥാനാന്തര റോഡുകൾ - സാമ്പത്തികമായോ സംസ്ഥാനന്തരമായോ പ്രാധാന്യമുള്ള റോഡുകൾ (100% കേന്ദ്ര സഹായ പദ്ധതി)

കേന്ദ്ര സംസ്ഥാനാന്തര റോഡുകളുടെ പണികൾക്കായി ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

75. 5054-05-337-97-16- റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - സംസ്ഥാനാന്തരമായോ സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ - റോഡുപണികൾ - സി.ആർ.എഫ് റോഡുകൾ (സാധാരണ വിഹിതം) - വൻകിട മരാമത്ത് പണികൾ.

കേന്ദ്ര സഹായത്തോടുകൂടിയുള്ള വൻകിട മരാമത്ത് പണികൾക്കായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 85 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

76. 5054-80-190-98 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റുമുള്ള നിക്ഷേപം - പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡിനുള്ള സഹായം

ഈ ശീർഷകത്തിൽ നിലവിൽ തുക വകയിരുത്തിയിട്ടില്ല. എന്നാൽ കമ്പനിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപയും ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിന് 5 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

77. 5054-80-800-82 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ശക്തിപ്പെടുത്തൽ

പൊതുമരാമത്ത് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണത്തിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്നും PRICE Software സ്ഥാപിക്കുന്നതിന് അധിക തുക ആവശ്യമാണെന്നും സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 2.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

78. 5054-80-800-81 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - റെയിൽവെ സുരക്ഷിതത്വ പണികൾ

റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണം, പരിഷ്കരണം തുടങ്ങിയവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. 2013-14 വർഷം ആവിഷ്കരിച്ച 40 പുതിയ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി 40 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

79. 5054-80-800-74 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - മേൽപ്പാലങ്ങളുടെ പൂർത്തീകരണം

മുടങ്ങിക്കിടക്കുന്ന റെയിൽവേ മേൽപ്പാലങ്ങളുടെ പണി പൂർത്തീകരിക്കാനായും കഞ്ഞിപ്പള്ളി, അങ്ങാടിപ്പുറം, എരൂർ, ഫറൂക്ക് എന്നീ റെയിൽവേമേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ നടന്നു വരുന്നതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 49 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

80. 5054-80-800-73 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - പുതിയ മേൽപ്പാലങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ

പുതിയ റെയിൽവേമേൽപ്പാലങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

81. 5054-80-800-71 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - കൊച്ചിയിൽ സീ പോർട്ട് - എയർ പോർട്ട് റോഡ് നിർമ്മാണം

കൊച്ചിയിൽ സീപോർട്ട് - എയർപോർട്ട് റോഡിന്റെ നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. നിലവിലുള്ള 2 ലെയിൻ സീപോർട്ട് - എയർപോർട്ട് റോഡ് (കരിങ്ങാച്ചിറ മുതൽ കളമശ്ശേരി വരെ) നാലു വരിയാക്കുന്നതിന് 30 കോടി രൂപയും രണ്ടാം ഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 48 കോടി രൂപയും ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 78 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

82. 5054-80-800-70 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - മുൻഗണനാ പ്രവൃത്തികൾ.

മുൻഗണന നൽകി പുതിയതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പണികൾക്ക് വേണ്ടിയുള്ള ഈ ശീർഷകത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പണികൾ പൂർത്തിയാക്കാനായി 14 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

83. 5054-80-800-68 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - പി.പി.പി (ആന്വിറ്റി) നടപ്പാക്കൽ - റോഡു സംരക്ഷണം

നടപ്പു സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 20 കോടി രൂപ ആവശ്യപ്പെട്ടിരിരുന്നുവെങ്കിലും 17 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XL -തുറമുഖങ്ങൾ

84. 3051-02-001-99- തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും - പോർട്ട് ഡയറക്ടറേറ്റ്.

തുറമുഖ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ ശമ്പളം, അലവൻസ്, വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ മുതലായവയ്ക്കായി 213.76 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 192.09 ലക്ഷം രൂപയാണ് വകയിരുത്തിയത്. പുതുതായി അനുവദിച്ച 02- വേജസ് എന്ന ശീർഷകത്തിൽ 3 ലക്ഷം രൂപയും 45-POL-ൽ ചെലവിന് 3 ലക്ഷം രൂപയും 05-4 മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ നിത്യദാന ചെലവുകൾക്കായി 2 ലക്ഷം രൂപയും 34-അദർ ചാർജസ് എന്ന ഇനത്തിൽ 12 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

85. 3051-02-001-98- തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസ് വിവിധ സർക്കിൾ/ഡിവിഷൻ/സബ്ഡിവിഷൻ ഓഫീസുകളിലെ ഉദ്യോഗസ്ഥൻമാരുടെ ശമ്പളം, യാത്രാബത്ത, കെട്ടിട നികുതി, അപ്രന്റീസ് ട്രെയിനികൾക്കുള്ള സ്റ്റൈപ്പന്റ്, പാർട്ട് -ടൈം സ്വീപ്പർമാരുടെ വേതനം, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധന ചെലവ് തുടങ്ങിയചെലവുകൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക

തുടങ്ങിയചെലവുകൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 96,96,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

86. 3051-02-101-98 - <u>തുറമുഖങ്ങളും ,ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ - നിർമ്മാണവും- അറ്റകുറ്റ പണികളും -തുറമുഖ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെൻറ്</u>

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തുറമുഖ വകപ്പ് എന്നിവയുടെ കീഴിലുള്ള കെട്ടിടങ്ങൾ, ഗോഡൗണുകൾ, വിളക്കുമരങ്ങൾ തുടങ്ങിവയുടെ അറ്റകുറ്റ പണികൾക്കായി 57 ലക്ഷം രൂപ ആവശ്യപ്പെട്ടുവെങ്കിലും 20 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 57 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

87. 3051-02-102-98 - <u>തുറമുഖങ്ങളും ,ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ - തുറമുഖ കാര്യാന്വേഷണം -പോർട്ടോഫീസുകളും ഡിപ്പാർട്ട്മെൻറ് എസ്റ്റാബ്ളിഷ്മെൻറുകളും</u>

നീണ്ടകര, ആലപ്പുഴ, കോഴിക്കോട് പോർട്ടോഫീസർമാരുടെ ഓഫീസുകളിലെയും മറ്റ് സബ്-ഓഫീസുകളിലെ ജീവനക്കാരുടെയും ടഗ്ഗുകൾ, ബാർജ്ജുകൾ, ക്രയിനുകൾ എന്നിവയിലെ ജീവനക്കാരുടെയും ശമ്പളം, അലവൻസ്, വേതനം യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ മുതലായവ ഇതിൽപ്പെടുന്നു. യന്ത്രോപകരണങ്ങളുടെ സംരക്ഷണ ചെലവുകൾ മുതലായവയും ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

88. 3051-02-104-98 - തുറമുഖങ്ങളുംലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ - പൈലറ്റിംഗ് - ഇന്ത്യൻ നാവികസേനാ ചട്ടത്തിനു കീഴിലുള്ള തീരദേശ സുരക്ഷയും യുദ്ധനിരീക്ഷണ പ്രവൃത്തികളും

തുറമുഖ വകുപ്പിന്റെ കീഴിലുള്ള നോൺ മേജർ പോർട്ടുകളുടെ സുരക്ഷ വകുപ്പ് ഉദ്യോഗസ്ഥർ തന്നെയാണ് നിർവ്വഹിക്കുന്നതെന്നും തീരദേശ സുരക്ഷ സംബന്ധിച്ച് വർദ്ധിച്ചുവരുന്ന ആശങ്ക കണക്കിലെടുത്ത് തുറമുഖങ്ങളിൽ സി.ഐ.എസ്.എഫ് സുരക്ഷ ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടെന്നും സമിതി മനസ്സിലാക്കി. പ്രസ്തുത ചെലവുകൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

89. 5051-02-200-83 - തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ് - ചെറുകിട തുറമുഖങ്ങൾ - മറ്റു ചെറുകിട തുറമുഖങ്ങൾ - അഴീക്കൽ തുറമുഖ വികസനം.

തദ്ദേശീയവും വിദേശീയവുമായ ചരക്ക് കണ്ടെയ്നറിലുള്ളതും അല്ലാത്തതും കൈകാര്യം ചെയ്യുന്നതും എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്നതുമായ ഒരു തുറമുഖമായി അഴീക്കൽ തുറമുഖം വികസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നതായും, തുറമുഖ ഓഫീസ് കെട്ടിടങ്ങൾ പുനർനിർമ്മിക്കുക, സജ്ജമാക്കുക, ജീവനക്കാർക്ക് വസതി നിർമ്മിക്കുക, പൈലറ്റ് പട്രോൾ ബോട്ടുകൾ വാങ്ങുക, ട്രാൻസിറ്റ് ഷെഡ്, തുറമുഖ ഭൂമി പച്ച വിരിക്കുക, സുന്ദരമാക്കുക, വെയ് ബ്രിഡ്ജ്, ബോയകൾ, ചാനൽ അടയാളപ്പെടുത്തുക, 3 കെ.വി.എ സൗരോർജ്ജ യൂണിറ്റ് സ്ഥാപിക്കുക, 750 HP ടഗ്ഗ് വാങ്ങുക എന്നിവയ്ക്കായും മണ്ണുമാന്തി വാങ്ങുന്നതിനും വേണ്ട തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

90. 5051-02-200-82 - തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനചെലവ് - ചെറുകിട തുറമുഖങ്ങൾ - മറ്റു ചെറുകിട തുറമുഖങ്ങൾ - വിഴിഞ്ഞം കാർഗോ തുറമുഖം (പോർട്ട്)

സീവേർഡ് വാർഫ് 50 മീറ്റർ നീട്ടിപ്പണിയുക, ഓഫീസ് കെട്ടിട നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുക, ഐ.എസ്.പി.എസ്.കോഡ്, തുറമുഖ തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും നടപ്പിലാക്കുക, ജീവനക്കാർക്ക് വസതികളും മറ്റു സൗകര്യങ്ങളും ഒരുക്കുക, വാർഫ് ബലപ്പെടുത്തുക, നിയമിക്കുക, ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിക്കുക, ചരക്ക് കൈകാര്യം ചെയ്യുന്നതിന് യന്ത്രങ്ങൾ വാങ്ങുക, 3 കെ.വി.എ സൗരോർജ്ജ യൂണിറ്റ് സ്ഥാപിക്കുക, 16 KVA ജനറേറ്റർ സെറ്റ്, പൈലറ്റ് പട്രോൾ ബോട്ടുകൾ മുതലായവ വാങ്ങുക എന്നിവയ്ക്കായി 10 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയെങ്കിലും പ്രസ്തുത തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 12 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

91. 5051-02-200-80 - തുറമുഖങ്ങൾ,ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനചെലവ്- ചെറുകിട തുറമുഖങ്ങൾ -മറ്റു ചെറുകിട തുറമുഖങ്ങൾ -ആലപ്പുഴ തുറമുഖ വികസനം.

1.5 കോടി രൂപ ചെലവിൽ ഫയർ ഫൈറ്റിംഗ് ബോട്ട്, 6.5 കോടി രൂപ ചെലവിൽ ആംഫീബിയൻ ഡ്രെഡ്ജർ എന്നിവ നടപ്പ് വർഷം വാങ്ങാനുള്ളതിനാൽ നിലവിൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

92. വിഴിഞ്ഞം കാർഗോ ഹാർബർ

വിഴിഞ്ഞം കാർഗോ ഹാർബറിനായി 5051-02-200 -78 എന്ന ശീർഷകം മുൻവർഷങ്ങളിൽ ഉണ്ടായിരുന്നുവെങ്കിലും ടി ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിരുന്നില്ല. 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലും ടി

ശീർഷകത്തിൽ തുകയൊന്നും വകയിരുത്താത്ത സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്യുവെങ്കിലും പ്രസ്തുത തുക അനുവദിച്ചിട്ടില്ലായെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. 2015-16 സാമ്പത്തിക വർഷത്തിൽ ടി ശീർഷകം തന്നെ ഒഴിവാക്കിയിരിക്കുകയാണ്. ആയതിനാൽ ഉപധനാഭ്യർത്ഥനയിലൂടെ ടി ശീർഷകം ബഡ്ജറ്റിലുൾപ്പെടുത്തി കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി 55,68,00 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

93. 5051-02-200-76- <u>തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനചെലവ്-ചെറുകിടതുറമുഖങ്ങൾ - മറ്റു ചെറുകിട തുറമുഖങ്ങൾ - തങ്കശ്ശേരി കാർഗോബർത്ത്</u>

തങ്കശ്ശേരി കാർഗോ ബർത്തിനായുള്ള ഈ ശീർഷകത്തിൽ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കാനായി 40,63,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

94. 5051-02-200 -72 - <u>തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ് - ചെറുകിടതുറമുഖങ്ങൾ - മറ്റു ചെറുകിട തുറമുഖങ്ങൾ കൊടുങ്ങല്ലൂർ (മുനമ്പം) തുറമുഖ വികസനം.</u>

കൊടുങ്ങല്ലൂർ മുനമ്പം തുറമുഖം എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്ന തീരദേശ കപ്പൽഗതാഗതത്തിന് ഉതകുന്ന തുറമുഖമായി വികസിപ്പിക്കുന്നതിനാവശ്യമായ യന്ത്രങ്ങളും സാമഗ്രികളും വാങ്ങുക, ഓഫീസ് കെട്ടിടം നിർമ്മിക്കുക, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, ബോട്ട് റിപ്പയർ യാർഡ് സ്ഥാപിക്കുക, ചാനൽ മാർക്കിംഗ് ബോയ സ്ഥാപിക്കുക, തുറമുഖ ഭൂമി പച്ച വിരിക്കുക എന്നിവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ XLI -ഗതാഗതം (വ്യോമയാനം )

95. 3053-02-190-99 - സിവിൽ ഏവിയേഷൻ - എയർപോർട്ടുകൾ - പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള സഹായ ധനം - കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റിക്കുള്ള ഗ്രാന്റ്

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് ഫണ്ട് സമാഹരിക്കുന്നതിന് 4-4-2012-ലെ ജി.ഒ. (എം.എസ്.)നം. 20/2012/ട്രാൻ. പ്രകാരം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റി രൂപീകരിച്ചുവെന്നും ടി സൊസൈറ്റിയുടെ ദൈനംദിന ചെലവുകൾക്കായി അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ, ഷെയർ മാനേജ്മെൻറ് സോഫ്റ്റ്‌വെയർ, ഔദ്യോഗികവെബ്സൈറ്റ് മുതലായവ വികസിപ്പിച്ചതിലേക്കും താൽക്കാലിക വായ്പ തിരിച്ചടക്കുന്നതിലേയ്ക്കും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക പര്യാപ്തമല്ലെന്നും സമിതി വിലയിരുത്തി. ആയതിനാൽ 18 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

96. 5053-02-190-97- സിവിൽ ഏവിയേഷനുള്ള മൂലധനചെലവ് - എയർപോർട്ടുകൾ - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 254.07 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

97. 5053-02-190-93- സിവിൽ ഏവിയേഷനുള്ള മൂലധനചെലവ് - എയർപോർട്ടുകൾ - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കോഴിക്കോട് എയർപോർട്ടിനായുള്ള ഭൂമി ഏറ്റെടുക്കൽ

11.7.2013 ലെ ജി.ഒ (ആർ.ടി) നം.3163/14/ആർഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുനരധിവാസത്തിനായി 20 ഏക്കർ ഭൂമിയും 26.12.2014 ലെ ജി.ഒ (ആർ.ടി) 6524/14/ആർഡി

നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 137 ഏക്കർ ഭൂമിയും നെഗോഷിയേഷൻ പ്രകാരം വാങ്ങുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടെന്നും ഭൂവുടമകൾ സമ്മതപത്രം നൽകുന്ന പക്ഷം നഷ്ടപരിഹാരതുക നിർണ്ണയിച്ച് വിതരണം ചെയ്യേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കി. ആയതിനാൽ ഈ ശീർഷകത്തിൽ 226,06,62,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

98. 7053-02-190-99 - <u>സിവിൽ ഏവിയേഷനുള്ള വായ്പകൾ - എയർപോർട്ടുകൾ - പൊതുമേഖലയ്ക്കും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ - തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ</u>

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിനായി 18.53 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായും എൽ.എ.ആർ. കേസുകൾക്കും ഈ ശീർഷകത്തിൽ തുക ആവശ്യമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ 208.03 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്ക് 12.30 മണിക്ക് പിരിഞ്ഞു.

## 27-4-2015-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2015 ഏപ്രിൽ മാസം 27-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്ക് ശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗമായ ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗമായ ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി ശ്രീ. കെ. ബാബുവും സമിതിയംഗം ശ്രീ. കെ. മുരളീധരൻ എം.എൽ.എ.യും ഹാജരായിരുന്നു.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി ജി.സുമകുമാരി, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. പി.പി.ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. കെ.ജി.ത്രിദീപ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി ആർ. ശ്രീലേഖ (IPS), ട്രാൻസ്പോർട്ട് കമ്മീഷണർ & റോഡ് സേഫ്റ്റി കമ്മീഷണർ.
2. ശ്രീ. ടോം ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പ്.
3. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി,വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ്.

1. ശ്രീ. ബിജു പ്രഭാകർ, ഡിസ്ട്രിക്ട് കളക്ടർ & നോഡൽ ഓഫീസർ, സബർബൻ റെയിൽ.

4. ശ്രീ. വി.എം. ഗോപാലമേനോൻ, സെക്രട്ടറി, ഗതാഗത വകുപ്പ്.
5. ശ്രീ. ഷെയ്ക്ക് പരീത്, ഡയറക്ടർ, തുറമുഖ വകുപ്പ്.
6. ശ്രീ. ഏല്യാസ് ജോർജ്, മാനേജിംഗ് ഡയറക്ടർ, K.M.R.L.
7. ശ്രീ. ആന്റണി ചാക്കോ, സി.എം.ഡി., കെ.എസ്.ആർ.ടി.സി.
8. ശ്രീമതി ആർ. ശ്രീകലാദേവി, സ്പെഷ്യൽ സെക്രട്ടറി, പി.ഡബ്ല്യു.ഡി.
9. ശ്രീ. എ.ആർ. അജയകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
10. ശ്രീ. ഷാജി വി. നായർ, ഡയറക്ടർ, എസ്.ഡബ്ല്യു.ടി.ഡി.

സമിതി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ IX - വാഹന നികുതികൾ, XLI - ഗതാഗതം എന്നീ ധനാഭ്യർത്ഥനകൾക്കുകീഴിൽ വരുന്ന കണക്കിനങ്ങളെ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തുകയും ചുവടെപ്പറയുന്ന നിരീക്ഷണങ്ങൾ നടത്തുകയും ശിപാർശകൾ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ IX-വാഹന നികുതികൾ

1. 2041-00-001-99 - വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഭരണ ചെലവുകൾ

ഭരണ ചെലവുകൾക്കായി നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ് എന്ന് വിലയിരുത്തിയ സമിതി 04(1) യാത്രാ ചെലവുകൾ - യാത്രാബത്ത എന്ന ഉപശീർഷകത്തിൽ 4 ലക്ഷം രൂപയും, 05(3) ടെലഫോൺ ചെലവിൽ 4 ലക്ഷം രൂപയും, 05(4) മറ്റിനങ്ങളിൽ 15 ലക്ഷം രൂപയും, 06(17) ചെറുകിട മരാമത്ത് പണികൾ എന്ന ഉപശീർഷകത്തിൽ 49 ലക്ഷം രൂപയും, ഹെഡ്ക്വാർട്ടേഴ്സിലെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റ പണികൾക്കായി 21(2) മോട്ടോർ

വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റ പണികളും എന്ന ഉപ ശീർഷകത്തിൽ 1 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണ മെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2. 2041-00-102-99 - <u>വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന- മോട്ടോർ വാഹനങ്ങളുടെ പരിശോധന</u>

മോട്ടോർ വാഹനങ്ങളുടെ പരിശോധനയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ് എന്ന് അഭിപ്രായപ്പെട്ട സമിതി 04(1) യാത്രാചെലവുകൾ - യാത്രാബത്ത എന്ന ഉപശീർഷകത്തിൽ 1 ലക്ഷം രൂപയും 04(2) സ്ഥലം മാറ്റ ബത്ത എന്ന ഉപശീർഷകത്തിൽ 50,000 രൂപയും 06 - വാടക , കരം, നികുതി എന്നീ ഇനത്തിൽ 20 ലക്ഷം രൂപയും 21(2) മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റ പണികളും എന്ന ഉപ ശീർഷകത്തിൽ 23 ലക്ഷം രൂപയും, 45 - പി.ഒ.എൽ ഇനത്തിൽ 50 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

<u>ധനാഭ്യർത്ഥന നമ്പർ XLI -ഗതാഗതം</u>

3. 3055-00-800-95 - <u>റോഡ് ഗതാഗതം - മറ്റ് ചെലവുകൾ - കേരള റോഡ് സുരക്ഷ ഫണ്ടിലേയ്ക്ക് മാറ്റൽ</u>

2015-16 സാമ്പത്തിക വർഷത്തിൽ സംസ്ഥാന റോഡ് സുരക്ഷ അതോറിറ്റിക്ക് പദ്ധതി വിഹിതമായി ഈ ശീർഷകത്തിൽ 86 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ ടി തുക അപര്യാപ്തമാണ്. 2015-16 ലേക്ക് റോഡു സുരക്ഷയുമായി ബന്ധപ്പെട്ട് നടപ്പിലാക്കേണ്ട പദ്ധതികൾക്കും കേരള റോഡ് സുരക്ഷാ ഓഫീസ് ചെലവുകൾക്കുമായി 100 കോടി രൂപ ചെലവ് വരുമെന്നും 17-10-2014-ൽ കൂടിയ 22-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി മീറ്റിംഗിൽ എല്ലാ ജില്ലകളിലും ട്രാഫിക് ട്രെയിനിംഗ് പാർക്ക് നിർമ്മിക്കുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടെന്നും കുട്ടികളിൽ ട്രാഫിക്, റോഡ് സുരക്ഷാ അവബോധം വളർത്തുന്നതിന്

വേണ്ടിയാണ് ഈ പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നതെന്നും 14 ജില്ലകളിലും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെ ഉത്തരവാദിത്വത്തിലാണ് ട്രെയിനിംഗ്പാർക്കുകൾ നിർമ്മിക്കുന്നതെന്നും ഒരു ജില്ലയിൽ ഒരു കോടി രൂപ ക്രമത്തിൽ 14 കോടി രൂപ ഈ ആവശ്യത്തിന് വേണ്ടിവരുമെന്നും സമിതി മനസ്സിലാക്കി. ആയതിനാൽ 14 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4. 3056-00-001-99-01(4) - ഉൾനാടൻ ജലഗതാഗതം- ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - ശമ്പളം (മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ).

ജീവനക്കാരുടെ മെഡിക്കൽ ബില്ലുകൾ മാറുന്നതിന് നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 8,28,000/- രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5. 3056-00-001-98-01(4)- ഉൾനാടൻ ജലഗതാഗതം- ഭരണവും നടത്തിപ്പും -ഓപ്പറേഷൻ - ശമ്പളം(മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് )

01(4) ശമ്പളം - മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായ സാഹചര്യത്തിൽ ജീവനക്കാർ നൽകിയ മുഴുവൻ മെഡിക്കൽ ബില്ലുകളും മാറുന്നതിനായി ഈ ശീർഷകത്തിൽ 7.08 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6. 3056-00-001-98-34 - ഉൾനാടൻ ജലഗതാഗതം -ഭരണവും നടത്തിപ്പും- ഓപ്പറേഷൻ - മറ്റ് ചെലവുകൾ.

സർവ്വീസ് ബോട്ടുകളിലുപയോഗിക്കുന്ന ഡീസലിന്റെ വില വർദ്ധനവ് മൂലമുണ്ടാകുന്ന അധിക ചെലവ് നേരിടാനായി 4 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

7. 3056-00-001-97-01(4)- ഉൾനാടൻ ജലഗതാഗതം -ഭരണവും നടത്തിപ്പും-അറ്റകുറ്റ പണികളും സംരക്ഷണവും - ശമ്പളം (മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് )

ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 3,34,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

8. 3056-00-800-99(10) - ഉൾനാടൻ ജലഗതാഗതം - മറ്റുചെലവുകൾ - മറ്റുചെലവുകൾ (സംഭാവന)

റിപ്പയർ ആന്റ് മെയിന്റനൻസിനും ജീവനക്കാരുടെ ഇ.എസ്.ഐ വിഹിതം അടയ്ക്കാനുള്ളതിനാലും ഈ ശീർഷകത്തിൽ 15,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

9. 3075-60-800-97- മറ്റ് ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - മറ്റുചെലവുകൾ - ഉൾനാടൻ ജലഗതാഗത കനാലുകളുടെ സംരക്ഷണം.

ജലഗതാഗത മാർഗ്ഗങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

10. 3075-60-800-96- മറ്റ് ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - മറ്റുചെലവുകൾ- കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി.

കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള തയ്യാറെടുപ്പ് പ്രവൃത്തികളുടെ ഭാഗമായി മേൽപ്പാലങ്ങളുടെ നിർമ്മാണം, റോഡുകളുടെ വികസനം എന്നിവ നടപ്പിലാക്കുന്നതിനായി നിലവിൽ വകയിരുത്തിയ തുക

അപര്യാപ്തമാണ് എന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 96.53 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

11. 3075-60-800-90 - മറ്റ് ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - മറ്റുചെലവുകൾ - സബർബൻ റെയിൽ സർവ്വീസിനായുള്ള സാദ്ധ്യതാ പഠനം.

സംസ്ഥാനത്തെ സബർബൻ റെയിൽ സർവ്വീസിനായുള്ള സാദ്ധ്യതാ പഠനം നടത്തി വിശദമായി പദ്ധതി റിപ്പോർട്ട് തയ്യാറാക്കി എം.ആർ.വി.സി. സമർപ്പിച്ചിട്ടുണ്ടെന്നും ഈ പദ്ധതി നടപ്പാക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി കേന്ദ്ര സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള 50:50 ഓഹരി പങ്കാളിത്തത്തോടെയുള്ള റെയിൽ ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്റ്റിൽ ഉൾപ്പെടുത്തി പദ്ധതി പരിഗണിക്കുന്നതിനായി റെയിൽ മന്ത്രാലയവുമായി കത്തിടപാടുകൾ നടന്നുവരികയാണെന്നും ഇതു സംബന്ധിച്ച് കേന്ദ്ര കേരള സർക്കാരുകൾ ഒപ്പു വയ്ക്കേണ്ട ഒരു കരട് ധാരണാപത്രം റെയിൽ മന്ത്രാലയത്തിന്റെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുക യാണെന്നും പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തുടർ പഠനങ്ങളും സർവ്വേകൾ മുതലായവ നടത്തുന്നതിനും നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്നും സമിതി വിലയിരുത്തി. ആയതിനാൽ 24 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

12. 5055-00-800-91- റോഡ് ഗതാഗതം സംബന്ധിച്ച മൂലധനചെലവ്-മറ്റ് ചെലവുകൾ- റോഡ് സുരക്ഷാ ക്രമീകരണങ്ങൾ.

ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ നിർമ്മിക്കൽ, ജി.പി.എസ് സംവിധാനം ഏർപ്പെടുത്തൽ, സ്പീഡ് ക്യാമറ സർവെയിലൻസ് സംവിധാനം, റോഡ് സുരക്ഷാ നടപടികൾ എന്നിവ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 7.68 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

13. 5056-01-102-99- ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനചെലവ്- വർക്ക് ഷോപ്പ് സൗകര്യങ്ങൾ-ചെറിയ ഡ്രൈഡോക്ക് നിർമ്മാണം

ഈ പദ്ധതിക്കുള്ള മതിപ്പ് ചെലവ് 20 കോടി രൂപയാണെന്നും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്നും വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

14. 5075-60-190-96- മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധന ചെലവ് - മറ്റുള്ളവ - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ- കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേരള സർക്കാരിന്റെ ഓഹരി പങ്കാളിത്തമായി 262.23 കോടി രൂപ ആവശ്യമുണ്ടെന്നും ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്നും സമിതി മനസ്സിലാക്കുകയും ഈ ശീർഷകത്തിൽ 262.23 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

15. 5075-60-190-95- മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധന ചെലവ്- മറ്റുള്ളവ- പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ- കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡിനുള്ള ഓഹരി മൂലധന അറ്റാദായം.

തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതികളുടെ ആദ്യഘട്ടം പൂർത്തിയാക്കുന്നതിന് സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള പണികൾക്കായി തുക ആവശ്യമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടതിനാൽ ഈ ശീർഷകത്തിൽ 250 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

16. 5075-60-800-83- മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്- മറ്റുള്ളവ- മറ്റ് ചെലവുകൾ - കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി.

കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നല്കിയപ്പോൾ ഏർപ്പെടുത്തിയ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന നികുതികൾ പൂർണ്ണമായും ഒഴിവാക്കുകയോ അല്ലെങ്കിൽ റീ-ഇംബേഴ്സ് ചെയ്യുകയോ വേണമെന്നും കേന്ദ്ര നികുതികൾ അധിക കീഴ്കടം (Addl. Subordinate Debt) എന്ന നിലയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായി വഹിക്കേണ്ടതാണെന്നും വകുപ്പ് സമിതിയെ അറിയിച്ചു. കൂടാതെ ഈ സാമ്പത്തിക വർഷം ടി ഇനങ്ങളിൽ 242.92 കോടി രൂപ കൊച്ചി മെട്രോ റെയിൽ പദ്ധതിക്കായി സംസ്ഥാന സർക്കാർ അനുവദിക്കേണ്ടതുണ്ടെന്നും കേന്ദ്ര സർക്കാർ നടപ്പു സാമ്പത്തിക വർഷം വരെ 152.59 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും സംസ്ഥാന സർക്കാരിന്റെ തുല്യ വിഹിതം വകയിരുത്തപ്പെട്ടില്ലായെന്നും സംസ്ഥാന നികുതികളുടെ വിഹിതമായി മറ്റൊരു 90.33 കോടി രൂപയെങ്കിലും വകയിരുത്തപ്പെടേണ്ടതുണ്ടെന്നും എന്നാൽ നടപ്പുവർഷം 50,000/- രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്നും സമിതി വിലയിരുത്തി. ആയതിനാൽ 242.915 കോടി രൂപ കൂടി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

17. ആലപ്പുഴ കനാൽ ശുദ്ധീകരണ പദ്ധതി

ആലപ്പുഴ കനാൽ ശുചീകരണ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് വേണ്ടി തുക വകയിരുത്തുന്നതിനായി പുതുതായി ആരംഭിച്ച 5075-60-800-81 എന്ന ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്നും 2014-15,2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ ടി ശീർഷകം തന്നെ ഉൾപ്പെടുത്തിയിട്ടില്ലായെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ ഉപധനാഭ്യർത്ഥനയിലൂടെ ടി ശീർഷകം ബഡ്ജറ്റിലുൾപ്പെടുത്തി 5 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

18. 5075-60-800-70 - മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റ് ചെലവുകൾ - സബർബൻ റെയിൽ പദ്ധതി

സബർബൻ റെയിൽ പദ്ധതിയുടെ സാധ്യതാപഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് 10.99 കോടി രൂപ MRVC-ക്ക് നൽകേണ്ടതിൽ മൂന്നാം ഗഡുവായ 5,49,52,369/- രൂപ ഈ ശീർഷകത്തിൽനിന്നും നൽകിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കി. നോഡൽ ഓഫീസിന്റെ പ്രവർത്തനച്ചെലവിനും, പദ്ധതിയുടെ ചീഫ് കൺസൾട്ടന്റിന്റെ ശമ്പള ഇനത്തിലുമായി തുക വകയിരുത്തേണ്ടത് ആവശ്യമാണെന്നും സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 64,12,552 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

19. 7055-00-190-99 - റോഡ് ഗതാഗതത്തിനുള്ള വായ്പകൾ - പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള വായ്പകൾ - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പകൾ

കേരള സ്റ്റേററ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ വൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായും പ്രതിമാസ വരുമാനവും ചെലവും തമ്മിലുള്ള അന്തരം 110 കോടി രൂപയാണെന്നും വരുമാനത്തിന്റെ ഭൂരിഭാഗവും ഡീസൽ വിലയിനത്തിലും വായ്പ തിരിച്ചടവിനുമായാണ് വിനിയോഗിക്കുന്നതെന്നും സമിതി മനസ്സിലാക്കി. കൂടാതെ നവംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിലെ പെൻഷൻ തുക പൂർണ്ണമായി വിതരണം ചെയ്യാനും സാധിച്ചിട്ടില്ല. 2014 ഡിസംബർ മാസത്തെ പെൻഷനും വിതരണം ചെയ്തിട്ടില്ല. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനായി ബഹു. മുഖ്യമന്ത്രി 22-12-2014-ന് വിളിച്ചുചേർത്ത യോഗത്തിൽ 2015 ഏപ്രിൽ 1 മുതൽ കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ വിതരണം നടത്തുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുമെന്നും ഇതിനായി പ്രതിമാസം 20 കോടി രൂപ കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ നിക്ഷേപിക്കണമെന്നും പ്രസ്തുത തുകയ്ക്ക് തുല്യമായ നോൺ പ്ലാൻ വിഹിതമായി സർക്കാർ

(ഒരു വർഷം പരമാവധി 240 കോടി രൂപ) നൽകണമെന്നും ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനായി സർക്കാർ ഈ തുക മാസം തോറും നൽകുമെന്നും തീരുമാനിക്കുകയുണ്ടായിയെന്നും എന്നാൽ 2015-2016 വർഷത്തെ ബഡ്ജറ്റിൽ ഈ ഇനത്തിൽ തുകയൊന്നും തന്നെ വകയിരുത്തിയിട്ടില്ലായെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. പ്രസ്തുത സാഹചര്യത്തിൽ 2015-ഏപ്രിൽ മാസം മുതൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന പെൻഷൻ ഫണ്ടിലേക്ക് കെ.എസ്.ആർ.ടി.സി. നിക്ഷേപിക്കുന്ന തുകയ്ക്ക് തുല്യമായ സർക്കാർ വിഹിതമായ 240 കോടി രൂപ (പ്രതിമാസം 20 കോടി) ഉൾപ്പെടെ, നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമെ 370.84 കോടി രൂപ കൂടി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്ക് ശേഷം 2.50 മണിക്ക് പിരിഞ്ഞു.

## 5-5-2015-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V, 2015 മെയ് മാസം 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗങ്ങളായ ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി ശ്രീ.കെ.ബാബുവും ബഹു.വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും താഴെപ്പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. സി.പി. മുഹമ്മദ്, എം.എൽ.എ.
2. ശ്രീ. സി.എഫ്. തോമസ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ജി.സുമകുമാരി, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. പി.പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. കെ.ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

സമിതി 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

1. കരട് റിപ്പോർട്ടിലെ ഖണ്ഡിക 90 (3051-02-104-98) ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

2. തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതി ലൈറ്റ് മെട്രോ പദ്ധതി എന്നാക്കി മാറ്റിയിട്ടുണ്ടെന്നും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) ആണ് പദ്ധതിക്ക് നേതൃത്വം നൽകുന്നതെന്നും സമിതി വിലയിരുത്തി. ആയതിനാൽ 5075-95 എന്ന ശീർഷകം പദ്ധതി മാറ്റത്തിനനുസൃതമായി പുനർനാമകരണം ചെയ്യണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമിതി യോഗം രാവിലെ 11 മണിക്ക് പിരിഞ്ഞു.

## 29-6-2015-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V, 2015 ജൂൺ മാസം 29-ാം തീയതി തിങ്കളാഴ്ച സഭ പിരിഞ്ഞതിനുശേഷം വൈകുന്നേരം 4.45 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗങ്ങളായ ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി ശ്രീ. കെ. ബാബുവും സമിതിയംഗം ശ്രീ. സി.എഫ്. തോമസ്, എം.എൽ.എ.യും സന്നിഹിതരായിരുന്നു.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. വി. ജെ. കുര്യൻ,അഡീഷണൽ ചീഫ് സെക്രട്ടറി, സി.എസ്.ഐ.എൻ വകുപ്പ്
2. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ്
3. ഡോ. വി. എം. ഗോപാലമേനോൻ, സെക്രട്ടറി, ഗതാഗത വകുപ്പ്
4. ശ്രീ. മുഹമ്മദ് ഹനീഷ്,സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
5. ശ്രീമതി എസ്. കുമാരി സുധ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
6. ശ്രീ. ഷേയ്ക്ക് പരീത്, ഡയറക്ടർ, തുറമുഖ വകുപ്പ്

7. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

8. ശ്രീ. പി. കെ. സതീശൻ, ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി (R&B)

9. ശ്രീമതി എം. പെണ്ണമ്മ, ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി (Buildings)

10. ശ്രീ. പി. കെ. അനിൽ കുമാർ, ചീഫ് എഞ്ചിനീയർ, ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റ്

11. ശ്രീ. കെ. പി. പ്രഭാകരൻ, ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി (NH)

12. ശ്രീ. പി. സി. ഹരികേശ്, സി.ഇ.ഒ., കെ.ആർ.എഫ്.ബി.

13. ശ്രീമതി പി. . ഷൈല, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

14. ശ്രീ. ആന്റണി ചാക്കോ, സി.എം. ഡി., കെ.എസ്.ആർ.ടി.സി.

I. <u>കരട് ചട്ടത്തിന്റെ പരിഗണന</u>

1) 2014-ലെ കേരളസ്റ്റേറ്റ് പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് (ആർക്കിടെക്ചറൽ വിംഗ്) സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

1. In the Preamble,-

(i) For the words " all the existing rules and orders on the subject" the words " the Kerala Architectural Subordinate Service Rules issued under G.O. (P) No. 337/68/PD dated the 7th November, 1968 and published as SRO No. 22/69 in the Kerala Gazette No.3 dated the 21st January, 1969" shall be substituted.

(ii) In the last line for the words " Architectural Subordinate Services, namely:-" the words " Architectural Wing Subordinate Services in the Kerala State Public Works Department, namely:-" shall be substituted.

2. In Rule 1 for the words " Service Special Rules 2014" the words " Services Special Rules 2015" shall be substituted.

3. In column 2 of Table 1 in Rule 3,-

a) In item (i) against Sl.No.1., the word " the" before the word and figure "Category 2" shall be deleted.

b) " *Note 2*" against Sl.No. 1 shall be deleted and the " ***Note 1***" shall be changed as " ***Note***" .

c) In item (i) against Sl.No.2, the word 'the' before the word and figure "Category 3" shall be deleted.

d) " Note 2" against Sl.No.2 shall be deleted and the " ***Note 1***" shall be changed as " ***Note***" .

e) " Note 2" against Sl.No.3 shall be recast as follows:

" Note2:- Appointment by direct recruitment and by promotion shall be in the ratio 3:1."

f) In item (i) against Sl.No.4 the abbreviation " PWD" shall be expanded as " Public Works Department" .

4. In Rule 4,-

(i) At the end of the first paragraph for the punctuation " ." after the word " Commission" the punctuation " :" shall be substituted.

(ii) In the proviso for the words " Provided that persons in the Kerala Architectural Subordinate Service" the words " Provided that the persons in the Kerala State Public Works Department (Architectural Wing) Subordinate Service" shall be substituted.

5. In Rule 5,-

(i) The column headings of Table 2 shall be changed as " Category, Method of Appointment and Qualifications" respectively.

(ii) In column 2 of Table 2 against Sl.No.3

1. for the words " a. By Direct Recruitment" , the words " (i) By Direct Recruitment" shall be substituted.

2. for the words " b. By Promotion" , the words " (ii) By Promotion" shall be substituted

6. " Rule 8" shall be omitted and the remaining rule shall be renumbered accordingly.

7. In Rule 8 as so renumbered,-

a) Before the words and figures " G.O.(P) No.337/68" the words " the Kerala Architectural Subordinate Service Rules issued under" shall be inserted.

b) The words " Candidates coming under the above rule are free to opt for the new special rules on their acquisition of any of the qualifications included in Table - 2." shall be omitted.

2) 2015-ലെ കെ.എസ്.ആർ.ടി.സി. (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാർക്കുള്ള സാമൂഹ്യ സുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ചട്ടങ്ങൾ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

1. ചട്ടം 1-ന്റെ ഉപചട്ടം (1)-ൽ,-

(i) "ചട്ടങ്ങളെ" എന്ന വാക്കിനുപകരം "ചട്ടങ്ങൾക്ക്" എന്ന് ചേർക്കേണ്ടതാണ്.

(ii) "വിളിക്കുന്നു" എന്ന വാക്കിനു പകരം " പേര് പറയാവുന്നതാണ്"എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

2. ചട്ടം 2-ന്റെ ഉപചട്ടം (1) (എ)യിലെ അവസാനത്തെ വരിയിൽ " ആക്റ്റ് "എന്ന വാക്കിനുശേഷമുള്ള ചിഹ്നം " ," ഒഴിവാക്കേണ്ടതാണ്.

3. ചട്ടം 3 താഴെപ്പറയും പ്രകാരം മാറ്റേണ്ടതാണ്:

"സെസ്സ് തുക കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ .- സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക കോർപ്പറേഷൻ സംസ്ഥാന സഞ്ചിതനിധിയിൽ ദിവസേന നിക്ഷേപിക്കേണ്ടതും ആയതിന് ഒരു പ്രത്യേക ബജറ്റ് ശീർഷകം ആരംഭിക്കേണ്ടതുമാണ്. ഇപ്രകാരം വരവ് വയ്ക്കപ്പെട്ട തുക ഓരോ മൂന്ന് മാസം കൂടുമ്പോഴോ അല്ലെങ്കിൽ സർക്കാർ നിശ്ചയിക്കുന്ന, മൂന്ന് മാസത്തിൽ കുറഞ്ഞ സമയകാലയളവിലോ കോർപ്പറേഷന്റെ നിധിയിലേയ്ക്ക് സർക്കാർ നൽകേണ്ടതാണ്."

4. ചട്ടം 4 താഴെപ്പറയും പ്രകാരം മാറ്റേണ്ടതാണ്:

"4. വാർഷികകണക്ക് ബോധിപ്പിക്കൽ:- ഓരോ സാമ്പത്തിക വർഷവും സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ വരവും ചെലവും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു വാർഷിക കണക്ക് കോർപ്പറേഷൻ സൂക്ഷിക്കേണ്ടതും പ്രസ്തുത വാർഷിക കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് ചെയ്യേണ്ടതും ആഡിറ്റ് ചെയ്ത വാർഷിക കണക്കും ആഡിറ്റ് റിപ്പോർട്ടും സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്."

5. ചട്ടം 5 താഴെപ്പറയും പ്രകാരം മാറ്റേണ്ടതാണ്:

"5. വാർഷിക റിപ്പോർട്ട് സമർപ്പിക്കൽ:- ഒരു സാമ്പത്തികവർഷത്തിൽ സെസ്സ് ഇനത്തിൽ ലഭിച്ച തുക എപ്രകാരം വിനിയോഗിച്ചെന്നും അവ വിനിയോഗിക്കുന്നതിന് കൈക്കൊണ്ട രീതികളും അത് പ്രകാരം ഗുണഭോക്താക്കൾക്ക് ഉണ്ടായ നേട്ടങ്ങളും സംബന്ധിച്ച ഒരു റിപ്പോർട്ട് ഓരോ സാമ്പത്തികവർഷാവസാനവും കോർപ്പറേഷൻ തയ്യാറാക്കേണ്ടതും ആയത് എല്ലാ വർഷവും ഏപ്രിൽ 30-നോ അതിന് മുമ്പോ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. അങ്ങനെയുള്ള വാർഷിക റിപ്പോർട്ട് കിട്ടിയാലുടൻ സർക്കാർ ആയത് തൊട്ടടുത്തുവരുന്ന നിയമസഭാ സമ്മേളനത്തിൽ നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്."

## II സമിതിയുടെ സൂക്ഷ്മ പരിശോധന കൂടാതെ പുറപ്പെടുവിച്ച പദ്ധതിയുടെ സാധൂകരണം.

സമിതിയുടെ സൂക്ഷ്മ പരിശോധന കൂടാതെ പുറപ്പെടുവിച്ച കെ.എസ്.ആർ.ടി.സി. (യാത്രക്കാർക്കുള്ള വ്യക്തിപര അപകടസമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാർക്കുള്ള സാമൂഹ്യ സുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ആക്റ്റ്, 2014 പ്രകാരം തയ്യാറാക്കിയ പദ്ധതി സമിതി പരിഗണിക്കുകയും പ്രസ്തുത നടപടി സമിതി സാധൂകരിക്കുകയും ചെയ്തു.

## III സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ താഴെപ്പറയുന്ന റിപ്പോർട്ടിലെ ശിപാർശകളിൻമേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും അധികവിവരങ്ങൾ ആരായുകയും അംഗീകരിക്കുകയും ചെയ്തു.

### പൊതുമരാമത്ത് വകുപ്പ്

1) 2007-2008-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 13724/സബ്.സി.എ 2/ 2007/നി.സെ.)

ഖണ്ഡിക 12

2) 2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4930/സബ്.സി.എ 2 /2011/നി.സെ.)

ഖണ്ഡിക 139

3) 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 2787/സബ്.സി.എ 2 /2013/നി.സെ.)

ഖണ്ഡിക 44

4) 2014-2015-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 3458/സബ്.സി.എ 2/ 2014/ നി.സെ.)

ഖണ്ഡിക 124, ഖണ്ഡിക 3-86 വരെ

## കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ്

2014-2015-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 3458/സബ്.സി.എ 2/ 2014/ നി.സെ)

ഖണ്ഡിക 115,126

## തുറമുഖ വകുപ്പ്

2014-2015-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് .

(ഫയൽ നമ്പർ 3458/സബ്.സിഎ 2/ 2014/ നി.സെ.)

ഖണ്ഡിക 87,88,93,94,98,101,107,108

## ധനകാര്യ വകുപ്പ്

2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 2787/സബ്.സി.എ 2 /2013/നി.സെ.)

ഖണ്ഡിക 111

## IV 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ ആക്ഷൻടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണന.

സമിതിയോഗം അന്നേദിവസം പരിഗണിച്ച് അംഗീകരിച്ച പൊതുമരാമത്ത്, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ, തുറമുഖം എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ച ആക്ഷൺ ടേക്കൺ സ്റ്റേറ്റ്മെന്റ് കൂടി ഉൾപ്പെടുത്തിയ പ്രകാരമുള്ള 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## V 2015 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് പരിഗണന.

സമിതിയുടെ 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം വൈകുന്നേരം 5.15-ന് പിരിഞ്ഞു

## 22-7-2015-ൽ സബ്ജക്ട് കമ്മിറ്റി VIII-മായി സംയുക്തമായി ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V എന്നിവ 2015 ജൂലൈ 22-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 1.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സബ്ജക്ട് കമ്മിറ്റി VIII ന്റെ അദ്ധ്യക്ഷൻ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ സംയുക്ത യോഗം ചേർന്നു. മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V ന്റെ ചെയർമാൻ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, സബ്ജക്ട് കമ്മിറ്റി VIII, V എന്നിവയിലെ എക്സ് ഒഫീഷ്യോ അംഗം മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു, സബ്ജക്ട് കമ്മിറ്റി V ലെ എക്സ് ഒഫിഷ്യോ അംഗം വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ ഹാജരായിരുന്നു.

സബ്ജക്ട് കമ്മിറ്റി VIII

1. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം. എൽ.എ.
2. ശ്രീ. പി. ഉബൈദുള്ള, എം. എൽ.എ.
3. ശ്രീ. എം. പി. വിൻസെന്റ്, എം. എൽ.എ.

സബ്ജക്ട് കമ്മിറ്റി V

ശ്രീ. സി. പി. മുഹമ്മദ്, എം. എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി, സബ്ജക്ട് കമ്മിറ്റി VIII

2. ശ്രീ. ആർ. മോഹൻദാസ്, അണ്ടർ സെക്രട്ടറി, സബ്ജക്ട് കമ്മിറ്റി II
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി, സബ്ജക്ട് കമ്മിറ്റി V
4. ശ്രീമതി എൽ. ജ്യോതി, അണ്ടർ സെക്രട്ടറി, സബ്ജക്ട് കമ്മിറ്റി VIII

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. ഡബ്ല്യൂ. ആർ. റെഡ്ഡി, പ്രിൻസിപ്പൽ സെക്രട്ടറി, നികുതി വകുപ്പ്.
2. ശ്രീമതി എസ്. കുമാരി സുധ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി ശോഭന എൻ.ഡി, അഡീഷണൽ ലാ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി കെ. എ. ശ്രീലത , ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
5. ശ്രീമതി സാധന. എസ്. നായർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
6. ശ്രീ. പി. എ. സൈനുദ്ദീൻ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
7. ശ്രീ. പി. കെ. സജൻ കുമാർ, ജോയിന്റ് ഐ.ജി ഓഫ് രജിസ്ട്രേഷൻ
8. ശ്രീ. വി. എം. ഉണ്ണി, ഡി.ഐ.ജി. ഓഫ് രജിസ്ട്രേഷൻ (ലൈസൻസിംഗ്)
9. ശ്രീ. വി. ജെ. ഗോപകുമാർ, ഡെപ്യൂട്ടി കമ്മീഷണർ (ജനറൽ)

I സമിതി 2015-ലെ കേരള ധനകാര്യബിൽ, 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

ബീഡി വ്യവസായം തകർച്ചയെ നേരിടുന്നതുമൂലം ഈ മേഖലയിൽ ഉപജീവനമാർഗ്ഗം കണ്ടെത്തിയിരുന്ന ബീഡിത്തൊഴിലാളികളുടെ ജീവിതം പ്രതിസന്ധിയിലായതിനാൽ ബീഡി വ്യവസായ മേഖലയ്ക്ക് നികുതി ഇളവ് നൽകുന്നതിന് നടപടിയുണ്ടാകണമെന്നും ഖാദി ഉല്പന്നങ്ങൾക്ക് നികുതി ഈടാക്കുന്ന നടപടി ശരിയല്ലെന്നും, സമിതി അഭിപ്രായപ്പെട്ടു. എന്നാൽ WHO യുടെ ആഹ്വാനപ്രകാരം പുകവലി കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ നികുതി ഇളവ് നൽകുന്നത് ആശാസ്യമല്ലെന്നും സാമ്പത്തികമായ പിന്തുണ നൽകിക്കൊണ്ട് അവരെ

സംരക്ഷിക്കുന്നതായിരിക്കും ഉചിതമെന്നും ഖാദി എന്ന പേരിൽ മറ്റു സാധനങ്ങളും വിറ്റഴിച്ച് നികുതി ഇളവ് നേടുന്ന പ്രവണതയുണ്ടെന്നും അതിനാൽ അർഹതപ്പെട്ടവർക്കു മാത്രം ആനുകൂല്യം ലഭിക്കുന്ന തരത്തിലുള്ള വ്യവസ്ഥ നിയമത്തിൽ കൊണ്ടുവരേണ്ടതുണ്ടെന്നും നികുതിവകുപ്പ് സെക്രട്ടറി അറിയിച്ചു. ബീഡി, ഖാദി വ്യവസായ മേഖലകളിൽ അർഹതപ്പെട്ടവർക്ക് മാത്രം ആനുകൂല്യം ലഭിക്കത്തക്കവിധത്തിൽ നികുതി റീഫണ്ട് ചെയ്യുന്നതിനുള്ള വ്യവസ്ഥയുണ്ടാക്കുന്നതിന് വ്യവസായ വകുപ്പുമായി ആലോചിച്ച് ഒരു നിർദ്ദേശം തയ്യാറാക്കണമെന്ന് സമിതി നികുതി വകുപ്പിനോട് നിർദ്ദേശിച്ചു.

2015-ലെ കേരള ധനകാര്യബില്ലിലെ 1, 2, 4, 9 എന്നീ ഖണ്ഡങ്ങളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഭേദഗതികൾ അവതരിപ്പിക്കുകയും ഭേദഗതി കൊണ്ടുവരാനിടയായ സാഹചര്യം വിശദീകരിക്കുകയും ചെയ്തു. അപ്രകാരം അവതരിപ്പിക്കപ്പെട്ട ഔദ്യോഗികഭേദഗതികൾ ചർച്ച ചെയ്ത ശേഷം സമിതി പ്രസ്തുത ഭേദഗതികളോടെ 2015-ലെ കേരള ധനകാര്യബിൽ അംഗീകരിക്കുകയുണ്ടായി.

Clause I

For clause I, the following shall be substituted, namely:-

" 1. Short title and commencement - (1) This Act may be called the Kerala Finance Act, 2015.

(2) Save as otherwise provided in this Act:-

(i) clause (b) of sub-section (2), sub-clauses (vii) and (xiii) of clause (a) of sub-section(19) and sub-clause (i) of clauses (d)of sub-section (19)of section 9 shall be deemed to have come into force on the 1st day of April, 2005.

(ii) sub-clause (iv) of clause (c) of sub-section (19) of section 9 shall be deemed to have come into force on the 19th day of July,2011.

(iii) clause (a) of sub-section (2) of section 4, item (c) of sub-clause (v)of clause (a) and entry 7A of sub-clause (ii) of clause (b) of sub-clause (19) of section 9 shall come into force at once.

(iv) the remaining provisions of this Act shall be deemed to have come into force on the 1st day of April 2015."

Clause 2

For section 31A of the Travancore- Cochin Literary, Scientific and Charitable Societies Registration Act, 1955 (XII of 1955) proposed to be inserted by clause 2 of the Bill, the following section shall be substituted, namely:-

" 31 A. One time settlement of arrears of fees due under the Act - Any delay in filing of returns, forms, annual statements, accounts and other statements of a society may be condoned and the filing of the said documents may be regularised on payment of a fine of five hundred rupees in respect of each year of delay in filing any or all of the same. Application for regularisation shall be filed on or before 31st December, 2015. However the Government may extend the period of filing the application to such further period as may be specified from time to time."

Clause 4

(1) In the entry in column (3) in clause (g), in serial number 5 of the Schedule to the Kerala Stamp Act, 1959 (17 of 1959) proposed to be inserted by item (b) of sub-clause (1) of clause 4 of the Bill for the words " Five hundred rupees" the words " Two hundred rupees" shall be substituted.

(2) for sub-clause (2) of clause 4 the following sub-clause shall be substituted, namely:-

in serial number 24,

(a) in clause (i), in column (2), for the words, " One hundred rupees" the words " Five hundred rupees" shall be substituted :

(b) in clause (ii), in column (3), for the words, " One hundred rupees" the words " Five hundred rupees" shall be substituted.

Clause 9

(1) For the eleventh proviso to sub-section (1) of section 6 of the Kerala Value Added Tax Act, 2003 (30 of 2004), proposed to be inserted by sub-item (iii) of item (a) of sub-clause (2) of clause 9 of the Bill, the following proviso shall be substituted namely:-

" Provided also that the turnover relating to the sale of Natural Gas in any form shall be exempted from tax, for the period from 4th February, 2015 to 31st March, 2016.

(2)For the proviso inserted by item (b) of sub-clause (4) of clause 9 of the Bill, the following proviso shall be substituted, namely:-

" Provided that notwithstanding anything contained in this Act or rules made thereunder, a dealer may opt to pay tax under this sub-clause, subject to eligibility, for the periods prior to 2015-16, whether such dealer has registered under this Act or not."

(3) in sub-clause (4) of clause 9, after item (b), the following item shall be inserted:

" (c) after clause (h), the following clause shall be inserted namely:

(i) any dealer who is a multi-level marketing entity may, at his option, pay, in such manner and subject to such conditions and restrictions as may be prescribed, in lieu of the tax payable by him on such goods under sub-section (1) of section 6, the tax at the schedule rate applicable to goods, of the maximum retail price of such goods:

Provided that the provision of this clause shall not apply to such goods sold by multi-level marketing entities otherwise than by way ot multi-level marketing;

Provided further that notwithstanding anything contained in section 6 and Section 15, if multi-level marketing entities pay tax on maximum retail price

under this provision, subsequent dealers in the chain shall not be liable to take registration and shall be exempted from payment of tax on such goods."

(4)in sub-clause (19),-

(I) for sub-item (v) of item (a) the following shall be substituted, namely:-

" (v) in serial number 18,-

(a) item (4) and the entries against it in columns (2) and (3) shall be omitted;

(b) for item (5) and entries against it in columns (2) and (3), the following item and entries shall, respectively, be substituted, namely:-

" (5). Nylon ropes, polyester ropes, polyester twines, other plastic ropes and twines sold by Matsyafed, Theeramythri Units approved by Government and Fishermen Co-Operative Societies.

(c) item (6) and the entries against it in columns (2) and (3) shall be omitted;"

(ii)in sub-item (I) of item (b) before the word " bullion" the words " or gold" shall be inserted and for the words " within the State" , the words " by those agencies and its subsequent sale by dealers within the State" . shall be substituted.

(iii) (a) in item (b), the serial numbers proposed to be inserted by sub-item (ii) shall be renumbered as 8, 9, 10, 11 and 12 and before the serial numbers so renumbered , the following serial numbers and entries against it in columns (2) and (3) shall be inserted, namely:

" 7A.Embroidery or Zari articles, that is to say, imi, Zari, kasab, Saima, dabka, chumki, gota, sitara, naqsi, kora, glass bead, badial

| | |
|---|---|
| (1) Embroidery without visible ground | 5810.10.00 |
| (2)Other embroidery of cotton | 5810.91.00 |
| (3) Embroidery or man-made fibres | |
| (a) Embroidered badges motifs and the like | 5810.92.10 |

| | |
|---|---|
| (b) other embroidered articles | 5810.92.90 |
| (4) Embroidery of other textile materials | 5810.99.00 |
| (5) Zari article | ****** |

(b) for sub-item (v) the following shall be substituted:-

" (v) after serial number 99 and the entries against it in columns (2) and (3), the following serial number and entries shall, respectively, be inserted, namely:-

" 99A. Polyester rope, Polyster twine and other plastic ropes and twines not included in the First Schedule.

*******

II 2015 ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ താഴെപ്പറയുന്ന ഭേദഗതികളോടെ സമിതി അംഗീകരിച്ചു.

ഖണ്ഡം 1

1-ാം ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക:

" 1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ആക്ടിന് 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് എന്ന് പേര് പറയാം.

(2) ഇത് 2015 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

ഖണ്ഡം 2

2-ാം ഖണ്ഡത്തിലെ 3 എയ്ക്ക് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക:

" 3 എ. ആക്ടിന്റെ പ്രാരംഭത്തിന് മുൻപുള്ള നെൽവയലിന്റെ പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം- ഈ ആക്ടിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും ആക്ടിലോ ചട്ടങ്ങളിലോ ഉത്തരവുകളിലോ ഏതെങ്കിലും കോടതിയുടേയോ ട്രൈബ്യൂണലിന്റെയോ മറ്റ് അധികാര സ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ടിന്റെ പ്രാരംഭത്തിന് മുൻപ് ഏതെങ്കിലും നെൽവയലിന്റെ

ഉടമസ്ഥനോ ആദിവാസിയോ കൈവശക്കാരനോ അന്ന് നിലവിലുണ്ടായിരുന്ന മറ്റേതെങ്കിലും ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായല്ലാതെ, പ്രസ്തുത നെൽവയൽ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ളിടത്ത്, കളക്ടർക്ക്, പ്രസ്തുത ഭൂമിയുടെ 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിന്റെ (1959-ലെ 17) 28 എ വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ന്യായവിലയുടെയോ പ്രസ്തുത ഭൂമിയുടെ ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലെങ്കിൽ സമീപപ്രദേശങ്ങളിലെ സമാനസ്വഭാവമുള്ള ഭൂമിയുടെ, ന്യായവിലയുടേയോ, 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കിക്കൊണ്ട് അങ്ങനെയുള്ള രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ക്രമവൽക്കരിക്കാവുന്നതാണ്."

സമിതി ഉച്ചയ്ക്ക് ശേഷം 1.30-ന് യോഗം പിരിഞ്ഞു.

## 16-2-2016-ലെ യോഗനടപടിക്കുറിപ്പ്

## (ഫയൽ നം.4283/സബ്സി എ 2/2015/നിസെ)

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2016 ഫെബ്രുവരി മാസം 16-ാം തീയതി ചൊവ്വാഴ്ച സഭ പിരിഞ്ഞതിനു ശേഷം ഉച്ചയ്ക്ക് 2 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗമായ ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന സമിതിയംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ.ജോസ് തെറ്റയിൽ, എം.എൽ.എ.
2. ശ്രീമതി കെ. കെ. ലതിക, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. മുഹമ്മദ് ഹനീഷ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
2. ശ്രീ. ടോമിൻ ജെ. തച്ചങ്കരി, ട്രാൻസ്പോർട്ട് കമ്മീഷണർ
3. ശ്രീ. കെ.എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി ടി.എസ്. ജയശ്രീ, അഡീഷണൽ സെക്രട്ടറി, തുറമുഖ വകുപ്പ്
5. ശ്രീ. ശ്രീകുമാർ എൻ.കെ., അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്

6. ശ്രീമതി വി.സി. മേരിക്കുഞ്ഞ്, അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്
7. ശ്രീ. ചന്ദ്രമൗലി ജി, മാനേജിംഗ് ഡയറക്ടർ, കിയാൽ
8. ശ്രീ. ഷാജി വി. നായർ, ഡയറക്ടർ, ജലഗതാഗത വകുപ്പ്
9. ശ്രീ. ടോമി സിറിയക്, പ്രോജക്ട് ഡയറക്ടർ (RRTS), സബർബൻ റെയിൽ പ്രോജക്ട്
10. ശ്രീ. ഷിബു കുമാർ, പ്രോജക്ട് എൻജിനീയർ, KIAL
11. ശ്രീ. സി.വി. ദിലീപ് കുമാർ, ചീഫ് ആർകിടെക്ട്

I. <u>കരട് ചട്ടത്തിന്റെ പരിഗണന</u>

(ഫയൽ നം.10226/സബ്.സി.എ 2/2005/നി.സെ.)

2016-ലെ കേരളസ്റ്റേറ്റ് പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് (ആർക്കിടെക്ചറൽ വിംഗ്) സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

1. In the preamble for the words "the existing rules and orders" the words "the G.O. (Ms)No.173/PW dated the 15th June 1965" shall be substituted.
2. In Table 1 of Rule 3;
   i. The first column and the entries in it shall be deleted and the remaining two columns shall be renumbered as (1) & (2)
   ii. The entries in column 1 as so renumbered shall be serially numbered from "1 to 7"
   iii. Item (2) in column (2) as so renumbered against entries namely "1. Chief Architect", "2. Deputy Chief Architect" and "3. Senior Architect" in column (1) as so renumbered shall be deleted.
   iv. The figure and punctuation "1." in column (2) as so renumbered against entries namely "1. Chief Architect", "2. Deputy Chief Architect" and "3. Senior Architect" in column (1) as so renumbered shall be deleted.

v. In "Note" below the Table 1, for the words "only those possessing architectural qualification", the words "only those having requisite qualification for the post of Deputy Chief Architect" shall be substituted.

3. In Table 2 of Rule 5;

i. The item 2 in column (2) and the entries against it in column (3) against item 1 in column (1) namely "1. Chief Architect" shall be deleted.

ii. The figure and punctuation "1." in column (2) against item 1 in column (1) shall be deleted.

iii. In between the items "1 and 2" of column (3) against item 1 in column (1) the conjunction "and" shall be inserted

iv. In between the items "2 and 3" of column (3) against item 1 in column (1) the conjunction "and" shall be inserted

v. The item 2 in column (2) and the entries against it in column (3) against item 2 in column (1) shall be deleted.

vi. The figure and punctuation "1." in column (2) against item 2 in column (1) shall be deleted.

vii. In between the items "1 and 2" of column (3) against item 2 in column (1) the conjunction "and" shall be inserted

viii. In between the items "2 and 3" of column (3) against item 2 in column (1) the conjunction "and" shall be inserted

ix. The item 2 in column (2) and the entries against it in column (3) against item 3 in column (1) shall be deleted.

x. The figure and punctuation "1." in column (2) against item 3 in column (1) shall be deleted.

xi. In between the items "1 and 2" of column (3) against item 3 in column (1) the conjunction "and" shall be inserted

xii. In between the items "2 and 3" of column (3) against item 3 in column (1) the conjunction "and" shall be inserted

xiii. In item 1 of column (3) against item 2 of column (2) against item 5 in column (1) the word "Masters" shall be inserted before the word "Degree".

xiv. In item (1) of column (3) against item 2 of column (2) against item 6 in column (1) the word "Engineering" after the word "Architecture" shall be deleted .

xv. In between the items "(1) and (2)" of column (3) against item 2 of column (2) against item 6 in column (1) the conjunction "or" shall be inserted.

xvi. In between the items "(1) and (2)" of column (3) against item 1 of column (2) against item 7 in column (1) the conjunction "or" shall be inserted.

xvii. In between the items "(2) and (3)" of column (3) against item 1 of column (2) against item 7 in column (1) the conjunction "or" shall be inserted

II. 2015-ലെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ് (എസ്.ആർ.ഒ.നം.363/2015)-ന്റെ സാധൂകരണം.

(ഫയൽ നം.4076/സബ്.സി.എ 2/2015/നി.സെ.)

യോഗത്തിൽ ഹാജരായ അംഗങ്ങൾ പ്രസ്തുത ചട്ടം സംബന്ധിച്ച കൂടുതൽ ചർച്ച വേണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗതാഗത വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിശദമായി ചർച്ച ചെയ്ത് എസ്.ആർ.ഒ.ക്ക് സാധൂകരണം നൽകാമെന്ന് ചെയർമാൻ നിർദ്ദേശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ എസ്.ആർ.ഒ.യുടെ പരിഗണന മറ്റൊരു യോഗത്തിലേയ്ക്ക് മാറ്റിവച്ചു.

III. <u>സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന</u>

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ താഴെപ്പറയുന്ന റിപ്പോർട്ടിലെ ശിപാർശകളിൻമേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും അധികവിവരങ്ങൾ ആരായുകയും അംഗീകരിക്കുകയും ചെയ്തു.

1. 2013-2014-ലെ മൂന്നാമത് റിപ്പോർട്ട്
   (ഫയൽ നമ്പർ 2787/സബ്.സി എ 2 /2013/നി.സെ)
   ഖണ്ഡിക 136,147-154 വരെ, 141-144 വരെ, 162, 163

2. 2014-2015-ലെ നാലാമത് റിപ്പോർട്ട്
   (ഫയൽ നമ്പർ 3458/സബ്.സി എ 2 /2014/നി.സെ)
   ഖണ്ഡിക 89, 90, 91, 92, 95, 96, 97, 100, 102, 103, 105, 108, 109, 110, 111, 112, 113, 114, 117, 118, 120, 121, 122, 127, 128

3. 2015-2016-ലെ അഞ്ചാമത് റിപ്പോർട്ട്
   (ഫയൽ നമ്പർ 3319/സബ്.സി എ 2 /2015/നി.സെ)
   ഖണ്ഡിക 90, 91, 92, 95, 103, 109, 113

സമിതിയോഗം ഉച്ചയ്ക്കുശേഷം 2.30-ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.